For Private Circulation Only

September 2022

ആഗമനാരുണൻ

HOLY BIBLE

Vol.69

" സകല ഭൂസീമാവാസികളുമായുള്ളോരേ, എങ്കലേക്കു തിരിഞ്ഞു രക്ഷപ്പെടുവിൻ; ഞാനല്ലാതെ വേറൊരു ദൈവവും ഇല്ലല്ലോ" (യെശ. 45:22)

No.9

സർവ്വവും പ്രാർത്ഥനയാൽ

By Armin Gesswein

പ്രാർത്ഥന എന്നാൽ അത് വളരെ ഉന്നതവും അതുപോലെ വളരെ വിശുദ്ധവും ആയ പ്രവൃത്തിയാണ്. എന്നാൽ ഭൂമിയിലെ ശുശ്രൂഷയിൽ വളരെ അങ്ങേയറ്റം വെറുക്കപ്പെട്ടതും ഇത് തന്നെയാണ്. മദ്ധ്യസ്ഥതയ്ക്കു താല്പര്യപ്പെടുമ്പോൾ, നാം വളരെ താണ നിലവാരത്തിലിരുന്നുകൊണ്ട് ദൈവത്തിന്റെ അതിശക്തമായ പ്രവർത്തികൾക്കായി ആഗ്രഹത്തോടെ ആയിരിക്കേണം.

നമ്മുടെ ഈ തലമുറ പ്രാർത്ഥന ഒരു ശുശ്രൂഷയാണ് എന്ന് കാണേണ്ടതുണ്ട്. അതുപോലെ ഈ വിഷയത്തിൽ ദൈവത്തെ അവന്റെ വചനത്തോടു കൊണ്ടു വരണം. നമ്മുടെ പരിപാടിയെന്നത്, നമുക്ക് പ്രാർത്ഥിക്കാം, അങ്ങനെ ഈ പ്രവർത്തനത്തിൽ പുരോഗതിയുണ്ടാകും. എന്നാൽ പ്രാർത്ഥനയാണ് നമ്മുടെ ശരിയായ പ്രവർത്തി. നാം സാധാരണയായിട്ട് ചിന്തിക്കുന്നത് പ്രാർത്ഥന ഒരു ഉപസർഗ്ഗം അല്ലെങ്കിൽ പ്രത്യയം ആണെന്നാണ്. ഇത്രയും ഭയങ്കരമായ ഒരു തിരക്കുള്ള സാഹചര്യത്തിൽ നാം പ്രാർത്ഥിക്കുമ്പോൾ ദൈവം തന്റെ കൈകളാൽ പ്രവർത്തിക്കുവാൻ തുടങ്ങും. ഇത് ഒരു വലിയ വിപ്ലവത്തെ ഒരു ശുശ്രൂഷകനിലേയ്ക്കു കൊണ്ടുവരും. അല്ലെങ്കിൽ ദൈവമക്കളിൽ, ഒരിക്കൽ ഒരുവൻ ഈ കാര്യത്തിൽ ദൈവത്തിന്റെ വചനത്തിൽ വിശ്വസിച്ചാൽ.

ക്രിസ്തുവിനെപോലെ അവനോട് ചേർന്ന്, ഇത് പ്രാർത്ഥനയിൽ ആണ് കൊണ്ടുവരേണ്ടത്. അതായത് ഒരു മനുഷ്യന്റെ ജോലിയിലുള്ള ജോലിസമയം (മനുഷ്യ മണിക്കൂറിനെയാണ്). പ്രയോജനപ്പെടുത്തുന്നത്. ക്രിസ്തു ആണെങ്കിൽ വിയർപ്പോടെയും, കണ്ണുനീരോടും, അതുപോലെ മരണവേദനയോടും കൂടിയാണ് പ്രാർത്ഥിച്ചത്. പ്രാർത്ഥനയാണ് നമ്മുടെ വളരെ പ്രധാനപ്പെട്ട ശുശ്രൂഷ. നമ്മുടെ ശുശ്രൂഷയിലും ഇത് തന്നേ ആയിരിക്കേണം, അവിടുത്തേതുപോലെ അതേ, ഇപ്പോൾ ഇതുതന്നേയാണ് അവന്റെ ഒരു പ്രധാനപ്പെട്ട ശുശ്രൂഷ, " അതുകൊണ്ടു താൻ മുഖാന്തമായി ദൈവത്തോടു അടുക്കുന്നവർക്കു വേണ്ടി പക്ഷവാദം ചെയ്വാൻ സദാ ജീവിക്കുന്നവനാകയാൽ അവരെ പൂർണ്ണമായി രക്ഷിപ്പാൻ അവൻ പ്രാപ്തനാകുന്നു" (എബ്രാ. 7:25).

ദൈവത്തിന്റെ പ്രവർത്തികൾ എല്ലാം തന്നേ പ്രാർത്ഥനയിൽ കൂടിയാണ് ചെയ്യപ്പെട്ടിരിക്കുന്നത്. എന്തുകൊണ്ടെന്നാൽ അവിടുത്തെ സിംഹാസനത്തിൽ നിന്ന് സദാസമയവും പ്രവർത്തിക്കുക സാദ്ധ്യമല്ല. അവിടുത്തെ ആത്മാവിനാൽ. അവിടുന്ന് നമുക്ക് അവിടുത്തെ മഹത്തായ പ്രാർത്ഥനയെ നല്കിയിരിക്കുകയാണ്. അതാണ് ഏറ്റവും സത്യമായ പ്രാർത്ഥന.

നാം അവിടുത്തെ പ്രാർത്ഥനയെ വെറുതെ പിൻതുടരുകയല്ല എന്നാൽ അതിന്റെ അകത്തേയ്ക്കു നാം പ്രവേശിക്കുകയാണ്. അതിനെ പ്രാപിക്കുവാൻ. അതുപോലെ തന്നേ അത് നമ്മിലേക്കു പ്രവേശിക്കുവാൻ. അങ്ങനെയാണ് അവിടുത്തെ പ്രവർത്തികളിലേയ്ക്കു നാം പ്രവേശിക്കുന്നത്, ദൈവത്തിന്റെ കൂട്ടുവേലക്കാർ (1കൊരി. 3:9). നമ്മുടെ ജോലികളിൽ നിന്ന് മോചനം നേടുന്നതിനായിട്ടു പരിശ്രമിക്കാം. ഈ തരത്തിൽ നാം അവനോടുകൂടെ പ്രവർത്തിക്കുവാൻ പരിശീലനം നേടുകയും ചെയ്യാം, അവിടുത്തേയ്ക്കു വേണ്ടി എന്നതിന് പകരം. പുത്രന്മാർ ഇനിയും അടിമകളല്ല.

അപ്പോൾ നാം പ്രാർത്ഥിച്ചതിനുശേഷം നാം കർത്താവായ യേശുവിനോട് കൂടെ നടക്കുകയാണ്. പ്രാർത്ഥനയ്ക്കു ഉത്തരം ആയിട്ട് അവിടുത്തെ കരങ്ങളാലുള്ള പ്രവർത്തികളിൽ പ്രാർത്ഥനയാണ് നമ്മുടെ ശരിയായ ജോലി. അവിടുത്തെ രാജ്യത്തിൽ അവിടുന്ന് ശുശ്രൂഷിക്കുന്ന ശുശ്രൂഷകനു വേണ്ടി അഭിനിവേശപ്പെടുത്തിയ ഒരു യോദ്ധാവിനെപ്പോലെ. അതുപോലെ ക്രിസ്തുവിന്റെ അനുഗാമികൾ മറ്റുള്ളവരേയും നയിക്കും.

നാം ദൈവവും ആയിട്ടു പ്രവർത്തിക്കുവാൻ തുടങ്ങുമ്പോൾ നാം പ്രാർത്ഥനയിൽ ദൈവത്തിന്റെ പ്രവർത്തികൾ കാണും. " നീതിമാന്റെ ശ്രദ്ധയോടു കൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു " (യാക്കോ. 5:16). ദൈവത്തിനാണെങ്കിൽ പ്രാർത്ഥന അല്ല സർവ്വത്തിനും എന്നാൽ എല്ലാം പ്രാർത്ഥനയാൽ.

പ്രാർത്ഥന ദൈവഹിതം പൂർണ്ണമാക്കുന്നു.

ഇങ്ങനെ പറഞ്ഞിട്ടുണ്ട്. ദൈവം ഒരു പ്രവർത്തി ചെയ്വാൻ തുടങ്ങുമ്പോൾ, അവൻ സദാസമയവും ആരംഭിക്കുന്നത് അവിടുത്തെ മക്കൾ കടന്ന് വന്ന് പ്രാർത്ഥിക്കുമ്പോൾ. ദൈവത്തിനു എന്താണ് പ്രവർത്തിക്കുവാൻ സാധിക്കുന്നത് അത് പ്രാർത്ഥനയിൽ കൂടി നമ്മിൽ നിന്നു കിട്ടുന്നതിനു വേണ്ടിയല്ല. ദൈവഹിതത്തിന്റെ ഭ്രമണപഥത്തിനു പുറത്ത് ഉള്ളതല്ലാതെ പ്രാർത്ഥന വലയത്തിന്റെ വെളിയിൽ ഒന്നും തന്നെ കിടക്കുന്നില്ല.

" നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപോലെ ഭൂമിയിലും ആകേണമേ " (ലൂക്കോ. 11:2).

" നിങ്ങൾ എന്നിലും എന്റെ വചനം നിങ്ങളിലും വസിച്ചാൽ നിങ്ങൾ ഇച്ഛിക്കുന്നതു എന്തെങ്കിലും അപേക്ഷിപ്പിൻ, അതു നിങ്ങൾക്കു കിട്ടും" (യോഹ. 15:7).

" ഇച്ഛിക്ക എന്നതും പ്രവർത്തിക്ക എന്നതും നിങ്ങളിൽ ദൈവമല്ലോ തിരുവുള്ളം ഉണ്ടായിട്ടു പ്രവർത്തിക്കുന്നതു " (ഫിലി. 2:13).

വിശുദ്ധ വേദപുസ്തകത്തിൽ ദൈവം അവിടുത്തെ ഹിതത്തെ വെളിപ്പെടുത്തുന്നു. പ്രാർത്ഥനയിൽ അവിടുന്ന് അതിനെ നിവർത്തിയാക്കുന്നു.

കർത്താവേ, ഞങ്ങളെ പ്രാർത്ഥിക്കുവാൻ പഠിപ്പിക്കേണമേ

ക്രിസ്തുവിൽ നിന്നു നാം എത്രയോ അകന്നിരിക്കുന്നവരാണ്? നമ്മുടെ വികസനം (അഭിവൃദ്ധി) എത്ര വലുതാണ്? നമ്മുടെ വളർച്ച? നമ്മുടെ ഔന്നത്യം? നമ്മുടെ ക്രിസ്തീയ പക്വത? ഇതെല്ലാം നമ്മുടെ പ്രാർത്ഥനാ ജീവിതത്തിൽ കൂടിയാണ് വെളിപ്പെടുന്നത്. എന്തുകൊണ്ടെന്നാൽ നമ്മുടെ ശരിയായ ശിഷ്യത്വം അത് പ്രാർത്ഥന എന്ന സ്കൂളിലാണ് ആരംഭിക്കുന്നത്. അപ്രകാരം തന്നെ നമ്മുടെ എല്ലാ പെരുമാറ്റങ്ങളും അതുപോലെ തന്നേ കർത്താവിന്റെ അച്ചടക്കങ്ങളുമെല്ലാം അവിടെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. നാം ക്രിസ്തുവിനോടു കൂടെ ദൂരേക്കു പോകുകയില്ല നാം

(ശേഷം 7-ാം പേജിൽ)

ഇടിവിൽ നിൽക്കുവാനുള്ള ഒരു വിളി

ദൈവം സഭയെ സ്ഥാപിച്ചിരിക്കുന്നത് അമാനുഷികമായ ശക്തി ഇല്ലാതെ അല്ല. ക്രിസ്തുവിന്റെ സഭയെ സ്ഥാപിച്ചിരിക്കുന്നത് അന്ധകാരം നിറഞ്ഞ ലോകത്തിൽ അവർ പ്രകാശം പരത്തുന്നതിനാണ്. ലോകം വളരെ തന്ത്രപ്രധാനമായ ഒരു ക്കങ്ങൾ നടത്തിയിരിക്കുകയാണ് ഒരു ഭയങ്കരമായ മരണപോരാട്ടത്തിനായിട്ട്. അതേ സമയം തന്നേ ചരിത്രത്തിൽ സഭ വളരെ ഭയാനകമായ പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. ദൈവം മദ്ധ്യസ്ഥത വഹിക്കുന്നതിനായിട്ട് ഇടിവിൽ നിൽക്കുവാൻ നമ്മെ വിളിച്ചുകൊണ്ടിരിക്കുകയാണ്, പാപത്തിൽ മരിച്ചുകൊണ്ടിരിക്കുന്ന ലോകത്തെ രക്ഷിക്കുന്നതിനായിട്ട് ആത്മഭാര മുള്ളവരായി ആരാണോ അവരെയാണ് ഇതിലേയ്ക്കായിട്ട് സമർപ്പിക്കുന്നത്.

“ അയ്യോ ജാതികൾ തിരുമുമ്പിൽ വിറെക്കതക്കവണ്ണം നിന്റെ നാമത്തെ നിന്റെ വൈരികൾക്കു വെളിപ്പെടുത്തുവാൻ തീയിൽ ചുള്ളി കത്തുന്നതുപോലെയും തീ കൊണ്ടു വെള്ളം തിളയ്ക്കുന്നതുപോലെയും മലകൾ നിന്റെ മുമ്പിൽ ഉരുകിപോകത്തക്കവണ്ണം നീ ആകാശം കീറി ഇറങ്ങി വന്നെങ്കിൽ കൊള്ളായിരുന്നു ” (യെശ. 64:1,2).

ഈ വളരെ ആവശ്യ ഘട്ടത്തിൽ മനുഷ്യവർഗ്ഗത്തിനു വേണ്ടി ആരാണോ പ്രവർത്തിക്കുവാൻ തയ്യാറാകുന്നത്, തീർച്ചയായിട്ടും കാത്തിരുന്നു. പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. ശുശ്രൂഷകളിൽ തന്നേ ഏറ്റവും മഹത്വമായതാണ് പ്രാർത്ഥന. ഇതിൽ കൂടിയാണ് ദൈവത്തോടുകൂടെ നാം ആയിരിക്കുന്നത്. നാം പ്രാർത്ഥിക്കുന്ന വളരെ ചെറിയ കാര്യവും അത് പാപത്തിന്റെ പശ്ചാത്താപം ആണ് നാം ചെയ്യുന്നത്. എത്രയോ അപരിചിതമായതാണ് നമുക്ക് ലഭിച്ചിരിക്കുന്ന ഈ വളരെ ഉന്നതമായ അവസരം. പ്രാർത്ഥനയിൽ കൂടി ദൈവം ആയിട്ടുള്ള കൂട്ടായ്മ ഉളവാക്കി, അനവധി ഭയങ്കരമായ നിന്റെ ബലത്തെ ഇത് നശിപ്പിക്കുന്നു.

സീയോന്റെ മതിലിന്മേൽ ഉള്ള കാവൽക്കാരൻ

“ സീയോനക്കുറിച്ച് ഞാൻ മിണ്ടാതെ ഇരിക്കുകയില്ല; യെരുശലേമിനെ കുറിച്ചു ഞാൻ അടങ്ങിയിരിക്കുകയില്ല. അതിന്റെ നീതി പ്രകാശം പോലെയും അതിന്റെ രക്ഷ, കത്തുന്ന വിളക്കുപോലെയും വിളങ്ങി വരുവോളം തന്നേ; “യെരുശലേമേ, ഞാൻ നിന്റെ മതിലുകളിന്മേൽ കാവൽക്കാരെ ആക്കിയിരിക്കുന്നു. അവർ രാവോ പകലോ ഒരിക്കലും മിണ്ടാതെയിരിക്കുകയില്ല; യഹോവയെ ഓർപ്പിക്കുന്നവരേ, നിങ്ങൾ സ്വസ്ഥമായിരിക്കരുത്. അവൻ യെരുശലേമിനെ യഥാസ്ഥാനപ്പെടുത്തുവോളവും ഭൂമിയിൽ അതിനെ പ്രശംസ വിഷയമാക്കുവോളവും അവനു സ്വസ്ഥത കൊടുക്കയുമരുത് ” (യെശ. 62:1,6-7).

വിജയത്തിലേയ്ക്കു വഴിതെളിയിച്ച വേട്ടയാടൽ

എസ്ഥേർ രാജ്ഞിയും മൊർദ്ദേഖായിയും ഉപാസത്തോടെ പ്രാർത്ഥിച്ചത് പ്രാണഹാനിയെ ഒഴിവാക്കുവാൻ വേണ്ടിയാണ്. അതുകൊണ്ട് നാം ഇന്ന് ഉപവസിച്ച് പ്രാർത്ഥിക്കണം. “ സംഭവിച്ചതൊക്കെയും അറിഞ്ഞപ്പോൾ മൊർദ്ദേഖായി വസ്ത്രം കീറി രട്ടുടുത്തു വെണ്ണീർ വാരി ഇട്ടുകൊണ്ടു പട്ടണത്തിന്റെ നടുവിൽ ചെന്നു കൈപ്പോടെ അത്യുച്ചത്തിൽ നിലവിളിച്ചു ” (എസ്ഥേർ 4:1).

“ അതിനു എസ്ഥേർ രാജ്ഞി മറുപടി പറഞ്ഞത്, നീ ചെന്ന് ശൂശനിൽ ഉള്ള എല്ലാ യെഹൂദന്മാരേയും ഒന്നിച്ചു കൂട്ടി; നിങ്ങൾ മൂന്നു ദിവസം രാവും പകലും തിന്നുകയോ, കുടിക്കുകയോ ചെയ്യാതെ എനിക്കുവേണ്ടി ഉപവസിപ്പിൻ; ഞാനും എന്റെ ബാല്യക്കാരത്തികളും അങ്ങനെ തന്നേ ഉപവസിക്കും; പിന്നെ ഞാൻ നിയമപ്രകാരമല്ലെങ്കിലും രാജാവിന്റെ അടുക്കൽ ചെല്ലും; ഞാൻ നശിക്കുന്നു എങ്കിൽ നശിക്കട്ടെ ” (എസ്ഥേ. 4:16). അങ്ങനെ ഇത് ആയിരുന്നു വളരെ പെട്ടെന്നു തന്നെ പ്രാണഹാനി അത് ഒരു വലിയ ജയഘോഷം ആയിതീർന്നു. എസ്ഥേർ രാജ്ഞിയുടെയും അതുപോലെ അവളുടെ ജനത്തിന്റെയും മദ്ധ്യസ്ഥത പ്രാർത്ഥന പെട്ടെന്നുള്ള നാശത്തിൽ നിന്നു യെഹൂദന്മാരെ രക്ഷിച്ചു.

(ശേഷം 3-ാംപേജിൽ)

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

“ ഇതാ ഞാൻ പുതിയതൊന്നു ചെയ്യുന്നു. അതു ഇപ്പോൾ ഉത്ഭവിക്കും. നിങ്ങൾ അത് അറിയുന്നില്ലയോ? അതേ, ഞാൻ മരുഭൂമിയിൽ ഒരു വഴിയും നിർജ്ജന പ്രദേശത്തു നദികളും ഉണ്ടാക്കും. ഞാൻ തിരഞ്ഞെടുത്തിരിക്കുന്ന എന്റെ ജനത്തിനു കുടിപ്പാൻ കൊടുക്കേണ്ടതിനു ഞാൻ മരുഭൂമിയിൽ വെള്ളവും നിർജ്ജന പ്രദേശത്തു നദികളും നൽകിയിരിക്കുന്നതുകൊണ്ടു കാട്ടുമൃഗങ്ങളും കുറുക്കന്മാരും ഒട്ടകപക്ഷികളും എന്നെ ബഹുമാനിക്കും ഞാൻ എനിക്കു വേണ്ടി നിർമ്മിച്ചിരിക്കുന്ന ജനം എന്റെ സ്തുതിയെ വിവരിക്കും ” (യെശ. 43:19-21).

2022 ആഗസ്റ്റ് മാസം നമ്മെ വിട്ട് കടന്നുപോയി. സെപ്റ്റംബർ മാസത്തിലേക്കു നാം കടന്നു വന്നിരിക്കുന്നു.

കർത്താവിൽ പൂർണ്ണമായി സന്തോഷിക്കുവാൻ നമുക്കു കഴിയണമെങ്കിൽ നമ്മുടെ ജീവിതത്തിൽ ദൈവം ചെയ്ത നന്മകളെ നാം ഓർക്കണം. നമുക്ക് ദൈവം നൽകിയ ഓരോ നല്ല ദാനങ്ങൾക്കും നാം ദൈവസന്നിധിയിൽ നന്ദി അർപ്പിക്കുക. നമ്മുടെ വേദനയിലും പ്രതിസന്ധിയിലും നമ്മെ കൈവിടാത്ത ഒരു ദൈവമാണ് നമുക്കുള്ളതെന്ന ചിന്ത നമ്മിലെ ദൈവാശ്രയം വർദ്ധിക്കുവാൻ ഇടയാക്കട്ടെ.

ദൈവം നമ്മുടെ ഏറ്റവും അടുത്ത തുണയും ആശ്വാസദായകനും സൗഖ്യദായകനുമാണ്. അതിശയവും അത്ഭുതകരവുമായ വഴികളിലൂടെയാണ് കർത്താവ് നമ്മെ നടത്തികൊണ്ടിരിക്കുന്നത്. അവന്റെ നാമ മഹത്വത്തിനുവേണ്ടി നിങ്ങളുടെ ജീവിതത്തെ സമർപ്പിക്കുക. അതിനായി ദൈവം നിങ്ങൾക്ക് കൃപ നൽകട്ടെ.

ഈ അന്ത്യനാളുകളിൽ ദൈവസന്നിധിയിൽ താഴ്മയോടെ നടന്ന് ഒരു വിശുദ്ധ ജീവിതം നയിച്ച് നമ്മുടെ കർത്താവിന്റെ മഹത്വ പ്രത്യക്ഷതയിൽ എടുക്കപ്പെടാം.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702, 8075696168**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ., തിരുവനന്തപുരം - 695032
Mob:8589901702,**8075696168**
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

ബാബിലോന്യാ അടിമത്വത്തിൽ ആയിരുന്ന ജനത്തിനായിട്ട് ദാനിയേൽ തന്റെ പൂർണ്ണഹൃദയത്തോടെ മധ്യസ്ഥത വഹിച്ചത് പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു: “ അപ്പോൾ ഞാൻ ഉപവസിച്ചും രട്ടുടുത്തും വെണ്ണീരിൽ ഇരുന്നും കൊണ്ടു പ്രാർത്ഥനയോടും യാചനകളോടും കൂടെ അപേക്ഷിക്കേണ്ടതിന് ദൈവമായ കർത്താവിങ്കലേക്കു മുഖം തിരിച്ചു. എന്റെ ദൈവമായ യഹോവയോടു ഞാൻ പ്രാർത്ഥിച്ചു ഏറ്റുപറഞ്ഞതെന്തെന്നാൽ: “ തന്നേ സ്നേഹിക്കുന്നവർക്കും തന്റെ കല്പനകളെ പ്രമാണിക്കുന്നവർക്കും നിയമവും ദയയും പരിപാലിക്കുന്നവനായി മഹാനും ഭയങ്കരനുമായ ദൈവമായ കർത്താവേ, ഞങ്ങൾ പാപം ചെയ്തു. വികടമായി നടന്നു, ദുഷ്ടത പ്രവർത്തിച്ചു; ഞങ്ങൾ മത്സരിച്ചു നിന്റെ കല്പനകളും വിധികളും വിട്ടുമാറിയിരിക്കുന്നു ” (ദാനി. 9:3-5).

യെരുശലേമിന്റെ നാശത്തിന്റെ ശേഷിപ്പുകളെക്കുറിച്ച് നെഹെമ്യാവ് വളരെ ബോധവാനായിരുന്നു. അപ്പോൾ അവൻ മറുപടി പറഞ്ഞത്, “ഈ വർത്തമാനം കേട്ടപ്പോൾ ഞാൻ ഇരുന്നു കരഞ്ഞു. കുറെ നാൾ ദു:ഖിച്ചും ഉപവസിച്ചുംകൊണ്ടു സ്വർഗ്ഗത്തിലെ ദൈവത്തോടു പ്രാർത്ഥിച്ചു പറഞ്ഞതെന്തെന്നാൽ ” (നെഹെ. 1:4). പരിണിത ഫലമായിട്ട് പേർഷ്യൻ രാജാവായ അർത്ഥഹ്ശഷ്ടാവ് നെഹെമ്യാവിനെ തന്റെ ആൾക്കാരോടും സകല സാധനങ്ങളുമായിട്ട് യെരുശലേം പുനർ നിർമ്മാണം നടത്തുന്നതിനായിട്ട് പറഞ്ഞ് അയച്ചു.

യോശിയാവു രാജാവ്, ന്യായപ്രമാണത്തിലെ വാക്യങ്ങളെ കേട്ടിട്ടു രാജാവും വസ്ത്രം കീറി (2ദിന. 34:19), അതുപോലെ അവന്റെ ജനത്തിനുവേണ്ടി പാടുപ്പെടുകയും ചെയ്തു. “ യഹൂദയുടെ മദ്ധ്യേ ഉണ്ടായിരുന്ന വിഗ്രഹങ്ങളെയെല്ലാം നശിപ്പിക്കുകയും, അതുവരെയും ഇല്ലാതിരുന്ന പെസഹ ആചരിക്കുവാനും തുടങ്ങുകയും അങ്ങനെ വളരെ പ്രശംസനീയമായ ഒരു നവോത്ഥാനം ഉണ്ടാകുകയും ചെയ്തു. കർത്താവ് കല്പിച്ചതുപോലെയുള്ള ന്യായവിധി നടപ്പിലാക്കുകയും ചെയ്തു. ഈ സ്ഥലത്തിനും നിവാസികൾക്കും വിരോധമായുള്ള ദൈവത്തിന്റെ വചനങ്ങളെ നീ കേട്ടപ്പോൾ നിന്റെ ഹൃദയം അലിഞ്ഞു നീ അവന്റെ മുമ്പാകെ നിന്നെത്തന്നേ താഴ്ത്തി നിന്റെ വസ്ത്രം കീറി എന്റെ മുമ്പാകെ കരയുകയും ചെയ്കകൊണ്ടു ഞാനും നിന്റെ അപേക്ഷ കേട്ടിരിക്കുന്നു എന്നു യഹോവയുടെ അരുളപ്പാടു ” (വാക്യം 27).

മോശെ യിസ്രായേൽ മക്കൾക്കുവേണ്ടി മദ്ധ്യസ്ഥത വഹിച്ചിരുന്നു. അവൻ ഒരു വലിയ മദ്ധ്യസ്ഥ പ്രാർത്ഥനാ മനുഷ്യനായിരുന്നു. നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെപ്പോലെ യിസ്രായേൽ ജനം സ്വർണ്ണ കാളക്കുട്ടിയെ പ്രതിഷ്ഠിച്ചതിനുശേഷം മോശെ ദൈവത്തോട് ആ ജനത്തിന്റെ പാപത്തിനുവേണ്ടി കർത്താവിനോട് മാപ്പ് അപേക്ഷിച്ച് പ്രാർത്ഥിക്കുകയും കർത്താവിന്റെ പുസ്തകത്തിൽ നിന്നും തന്റെ പേർ മായിച്ചു കളയേണമേ എന്നും പ്രാർത്ഥിച്ചു. നീ എഴുതിയ നിന്റെ പുസ്തകത്തിൽ നിന്നു (പുറ. 32:32). “ സ്നേഹിതന്മാർക്കുവേണ്ടി ജീവനെ കൊടുക്കുന്നതിലും അധികമുള്ള സ്നേഹം ആർക്കും ഇല്ല” (യോഹ. 15:13).

യേശു മൂഴു രാത്രിയും മദ്ധ്യസ്തതയ്ക്കായിട്ടു ഉപയോഗിച്ചു. അവൻ യെരുശലേമിനുവേണ്ടി പ്രാർത്ഥിച്ചു. അതുപോലെ ഗത്ശമേനയിലും പ്രാർത്ഥിച്ചു. അവിടുന്നാണ് മഹാ പുരോഹിതൻ, “നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല ” (എബ്രാ. 4:15). ഇന്ന് അവിടുന്ന് ദൈവത്തിന്റെ വലത്തുഭാഗത്തു ഇരുന്നുകൊണ്ട് നമുക്ക് വേണ്ടി മദ്ധ്യസ്ഥത വഹിക്കുന്നു. “അതുകൊണ്ടു താൻ മുഖാന്തരമായി ദൈവത്തോടു അടുക്കുന്നവർക്കു വേണ്ടി പക്ഷവാദം ചെയ്വാൻ സദാ ജീവിക്കുന്നവനാകയാൽ അവരെ പൂർണ്ണമായി രക്ഷിപ്പാൻ അവൻ പ്രാപ്തനാകുന്നു” (എബ്രാ. 7:25).

“ അവ്വണ്ണം തന്നേ ആത്മാവും നമ്മുടെ ബലഹീനതയ്ക്കു തുണ നിൽക്കുന്നു. വേണ്ടും പോലെ പ്രാർത്ഥിക്കേണ്ടതു എന്തെന്നു നാം അറിയുന്നില്ലല്ലോ. ആത്മാവു തന്നേ ഉച്ചരിച്ചു കൂടാത്ത ഞരക്കങ്ങളാൽ നമുക്കു വേണ്ടി പക്ഷവാദം ചെയ്യുന്നു. എന്നാൽ ആത്മാവും വിശുദ്ധർക്കു വേണ്ടി ദൈവഹിതപ്രകാരം പക്ഷവാദം ചെയ്യുന്നതുകൊണ്ടു ആത്മാവിന്റെ ചിന്ത ഇന്നതെന്നു ഹൃദയങ്ങളെ പരിശോധിക്കുന്നവൻ അറിയുന്നു” (റോമ. 8:26,27).

ഉണർവ്വിനു മുമ്പെയുള്ള ഈറ്റുനോവ്

ചരിത്രത്തിൽ തന്നെയുള്ള വലിയ ഒരു ഉണർവ്വ് നമ്മുടെ വളരെ അടുത്ത് എത്തിയിരിക്കുന്നു. എന്നാൽ ഇത് സംഭവിക്കുന്നതിനു മുമ്പെ, ആരൊക്കെയോ വളരെ ആവശ്യബോധമുള്ളവരായിട്ട് മുന്നോട്ട് വരേണ്ടിയിരിക്കുന്നു. “..... സീയോനോ നോവുകിട്ടിയ ഉടൻ തന്നേ മക്കളെ പ്രസവിച്ചിരിക്കുന്നു” (യെശ. 66:8). ആത്മീക മക്കൾ ദൈവത്തിന്റെ രാജ്യത്തിൽ ജനിക്കുന്നതിനു മുമ്പെ, ആത്മാവിന്റെ ഒരു ഈറ്റുനോവുണ്ടായിരിക്കും. ക്രിസ്തുവിലേക്ക് മനുഷ്യരെ കൊണ്ടുവരുന്നവന് തീർച്ചയായിട്ട് ഒരു വലിയ വേദനയോടുകൂടിയ ആഗ്രഹം ഉണ്ടായിരിക്കും. ആ ആത്മാക്കൾ തീർ

(ശേഷം 4-ാംപേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക — *ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*

പശ്ചാത്തപിക്കുക — *അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*

ഏറ്റുപറയുക — *നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*

ഉപേക്ഷിക്കുക — *ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*

ശുദ്ധീകരിപ്പെടുക — *അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*

വിശ്വസിക്കുക — *തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*

സമർപ്പിക്കുക — *ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*

പ്രാപിച്ചെടുക്കുക — *യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*

സ്നാനം ഏൽക്കുക — *വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)*

(3-ാംപേജിന്റെ തുടർച്ച)

ച്ചയായിട്ടു രക്ഷിക്കപ്പെട്ടിരിക്കണം!

ദൈവം തന്റെ ജനത്തെ വിളിക്കുകയാണ് നമ്മുടെ രാജ്യത്തിനുവേണ്ടി ഇടിവിൽ നിൽക്കുവാനും അതുപോലെ തന്നേ ഒരു ലോകം വളരെ പെട്ടെന്നുള്ള ന്യായവിധിയെ അഭിമുഖീകരിക്കുവാനും. അവിടുന്ന് മദ്ധ്യസ്ഥത നടത്തുവാനുള്ള വരെ പുറത്തുവന്ന് വേർപെട്ട് അവരുടെ ശുശ്രൂഷ ചെയ്യുന്നതിനായിട്ടാണ് വിളിച്ചു കൊണ്ടിരിക്കുന്നത്. " അശുദ്ധമായതു ഒന്നും തൊടരുത് " (2 കൊരി. 6:17). " വിളിക്കപ്പെട്ടവർ അനേകർ തിരഞ്ഞെടുക്കപ്പെട്ട വരോ ചുരുക്കം " (മത്താ. 22:14). " ആകയാൽ ഈ സംഭവിപ്പാനുള്ള എല്ലാറ്റിനും ഒഴിഞ്ഞു പോകുവാനും മനുഷ്യപുത്രന്റെ മുമ്പിൽ നില്പാനും നിങ്ങൾ പ്രാപ്തരാകേണ്ടതിനു സദാകാലവും ഉണർന്നും പ്രാർത്ഥിച്ചും കൊണ്ടിരിപ്പിൻ" (ലൂക്കോ. 21:36).

പൗലൊസ് പ്രത്തീക്ഷിച്ചില്ല. അശ്രദ്ധയിൽ ചിലത് നേടാം എന്ന്. അവൻ പറയുന്നത്, സഹോദരന്മാരേ, ഞാൻ പിടിച്ചിരിക്കുന്നു എന്നു നിരൂപിക്കുന്നില്ല. " ഒന്നു ഞാൻ ചെയ്യുന്നു. പിമ്പിലുള്ളതു മറന്നു മുമ്പിലുള്ളതിനു ആഞ്ഞും കൊണ്ടു ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വനിരുതിനായി ലാക്കിലേക്കു ഓടുന്നു " (ഫിലി. 3 :13,14). "നാം പൂർണ്ണ ഹൃദയത്തോടെ കർത്താവിനെ അന്വേഷിക്കേണ്ടിയിരിക്കുന്നു. ഉയരത്തിൽ നിന്നു ആത്മാവിനെ നമ്മുടെ മേൽ പകരുവോളം തന്നേ; അപ്പോൾ മരുഭൂമി ഉദ്യാനമായിത്തീരും. ഉദ്യാനം വനമായി എണ്ണപ്പെടും " (യെശ. 32:15).

...നിങ്ങൾ പ്രത്യാശിക്കുന്ന ശുഭ ഭാവി വരുവാൻ തക്കവണ്ണം ഞാൻ നിങ്ങളെക്കുറിച്ചു നിരൂപിക്കുന്ന നിരുപണങ്ങൾ ഇന്നവ എന്നു ഞാൻ അറിയുന്നു. അവ തിന്മയ്ക്കല്ല, നനന്മക്കത്രെയുള്ള നിരുപണങ്ങൾ എന്നു യഹോവയുടെ അരുളപ്പാടു. നിങ്ങൾ എന്നോടു അപേക്ഷിച്ചു എന്റെ സന്നിധിയിൽ വന്നു പ്രാർത്ഥിക്കുകയും ഞാൻ നിങ്ങളുടെ പ്രാർത്ഥനകേൾക്കുകയും ചെയ്യും. നിങ്ങൾ എന്നെ അന്വേഷിക്കും. പൂർണ്ണഹൃദയത്തോടെ അന്വേഷിക്കുമ്പോൾ നിങ്ങൾ എന്നെ കണ്ടെത്തും (യിരെ. 29:11-13)❖

ഒരു ആത്മീക പതനത്തെ ജ്വലിപ്പിക്കുക

By A.W.Tozer

ദൈവജനത്തെ പരിപാലിക്കുന്ന എല്ലാ പാസ്റ്റർമാക്കും അനുഭവിച്ചറിയുവാൻ കഴിഞ്ഞിട്ടുണ്ട്. എന്താണ് സ്തെഫാനോസിനെ മറ്റു ശിഷ്യന്മാരെക്കാൾ മികവുള്ളവനായി തീർന്നതെന്നുള്ള അറിവ്. രത്നച്ചുരുക്കും ആയിട്ട് ഇവിടെ പ്രസ്താവിച്ചു കൊള്ളട്ടെ. സ്തെഫാനോസിന് വളരെ തീവ്രതയേറിയ ആഗ്രഹങ്ങളുണ്ടായിരുന്നു. ദൈവത്തിലും അതുപോലെ ആത്മീക കാര്യാദികളിലും. അവന് ദൈവത്തിന്റെ പുറകെ പിൻഗമിക്കുവാനുള്ള ഒരു തീവ്രമായ ആളിക്കത്തൽ ഉണ്ടായിരുന്നു അതായത് മുൾപടർപ്പ് അഗ്നിയിൽ കത്തി ജ്വലിച്ചതുപോലെ, അതുതന്നെയുമല്ല, അവന്റെ ആത്മാവ് കർത്താവിനെ കണ്ടെത്തുകയും ചെയ്തു.

ഏതെങ്കിലും സഭയിൽ ഉണ്ടാകുന്ന അസാധാരണമായ ഒരു കാഴ്ചയല്ല ഒന്നോ അല്ലെങ്കിൽ രണ്ടോ പേർ ദൈവത്തിനു വേണ്ടി വളരെ ശക്തിയോടെ ജ്വലിച്ച് പ്രവർത്തിക്കുന്നത്, അതേസമയം ബഹുഭൂരിപക്ഷവും വളരെ ശാന്തമായിട്ടും അതുപോലെ യാതൊരു താല്പര്യങ്ങൾ കൂടാതെയും കാര്യങ്ങൾ സ്വീകരിക്കാതെയും ഇരിക്കുന്ന അവസ്ഥ. അവർ രക്ഷിക്കപ്പെട്ടവരും അതുപോലെ തന്നെ ദൈവത്തിന്റെ മുമ്പാകെ അവരുടെ സ്ഥാനങ്ങളും: എന്നാൽ അതിനെക്കാൾ ഉപരിയായിട്ട് അവരുടെ ആഗ്രഹങ്ങൾ അവരെ മുന്നോട്ടു നയിക്കുന്നില്ല. അവർ വളർന്നുവെങ്കിൽ, അതെല്ലാം ദൈവവചനത്തിന്റെ അടിസ്ഥാനപരമായ ഉപദേശങ്ങളിലെ അറിവിലാണ്, ഒരിക്കലും ആത്മീകമായ തീഷ്ണതയില്ലതാനും. തിരുവചനത്തിൽ നിന്നു ലഭിച്ച നിത്യ ജീവനിൽ മാത്രം അവർ സംതൃപ്തിയുള്ളവരായിട്ട് ജീവിക്കുകയാണ് ഇന്ന്.

ധാരാളം പ്രീയപ്പെട്ടവർ നിരന്തരമായിട്ടു ചെയ്യുന്ന പ്രവർത്തികളിൽ വ്യാപൃതരായിരിക്കുകയാണ്. അതായത് സണ്ടേസ്കൂളിൽ വേദപഠനം നടത്തിയും, ക്വയറിൽ ഗാനം പാടുകയും, സുവിശേഷ പ്രതികൾ വിതരണം നടത്തുന്നതിലും അയൽവാസികളെ സുവിശേഷശ്രോതാക്കൽ ആക്കുന്നതിലും ഒക്കെയും. എന്നാൽ കർത്തൃസേവയിൽ കത്തിജ്വലിച്ചുകൊണ്ടിരിക്കുന്ന സഭാശുശ്രൂഷകൻ അവരിൽ ആ " രിലും കാണുന്നില്ല. അവരുടെ ഒക്കെയും മുഖം ഒരു ദൈവദൂതന്റെ മുഖംപോലെ ഒരു മുഖം ആയിട്ട് " (അപ്പോ.6:15)

അവരുടെ ആത്മീക ജാഗ്രത ഒരിക്കലും അത് തീവ്രതയുള്ളതാക്കി തീർക്കുന്നില്ല. ദൈവത്തോടുള്ള അവരുടെ സ്നേഹം അത് അവരുടെ കരങ്ങളിൽ കൂടി പ്രകടിപ്പിക്കുന്നില്ല, അവർക്ക് ദൈവത്തോടുള്ള ഒരു ദാഹവും വിശപ്പും ഇല്ലാത്തതുകൊണ്ട് അവരുടെ ജഡവും കഷ്ടതയിൽ കൂടി കടന്നുപോകുന്നു.

ഒരു കാൽ നൂറ്റാണ്ടിലേറെ കർത്തൃശുശ്രൂഷയിൽ അനുഭവ സമ്പന്നനായ ഞാൻ പഠിച്ച ഒരു വലിയ യാഥാർത്ഥ്യം ധാരാളം ക്രിസ്ത്യാനികൾ അവരുടെ ജീവിതങ്ങളെ ആത്മാവിന്റെ നിയന്ത്രണത്തിലുള്ള അച്ചടക്കങ്ങൾക്ക് വിധേയപ്പെടുത്തുവാൻ താല്പര്യമില്ല എന്നുള്ളതാണ്. അവരുടെ ജഡത്തെ മരിപ്പിച്ചിട്ടില്ല ഇതുവരേയും. അവരുടെ നാളുകളിലും വർഷങ്ങളിലും ദൈവത്തെകുറിച്ചുള്ള അവരുടെ അറിവിനെ ഒരു വലിയ ശക്തിമത്തായ വികാരമാക്കി മാറ്റുന്നില്ല. ഒരു ചെറിയ കൂട്ടം അതുപോലെ ചെയ്യും. അങ്ങനെ അവരൊക്കെയും ഉറപ്പും അതുപോലെ സത്യത്തിന്റെ വിത്തുമായി തീരുന്നു എല്ലാ തലമുറകളിലും.

ഒരു ഉത്ക്കടമായ തീ ജ്വാല

പൗലൊസ് ഒരിക്കൽ ഉപയോഗിച്ചു വളരെ പ്രധാനപ്പെട്ട ഒരു ശൈലി എത്രവാഞ്ഛ. എന്നിരുന്നാലും അവൻ തന്റെതായ ജീവിതത്തിലേയ്ക്ക് അത് കൊണ്ടുവന്നില്ല. അവന് വളരെ കഷ്ടിച്ച് തന്റെ ആത്മതലത്തെ ചിത്രീകരിക്കുന്നതിനായിട്ട് ഈ ഒരു പ്രത്യേക ശൈലി ചേർത്തിരിക്കുന്നതേയുള്ളൂ. (2കൊരി. 7:11). ക്രിസ്തുവിനെ അറിയുന്നതിനുള്ള ഒരു ശക്തമായ ആഗ്രഹം തന്റെ ജീവിതത്തിലുണ്ടായിരുന്നു. തന്റെ സ്വന്ത അനുഭവങ്ങളിൽ " എന്റെ കർത്താവായ ക്രിസ്തുയേശുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ടത നിമിത്തം " (ഫിലി. 3:8). ഈ വിശുദ്ധമായ തീക്ഷണത അവന്റെ അവസാനദിനങ്ങളിലെ ആത്മീക ശുശ്രൂഷയിൽ ഒരു കുത്തിയൊഴുക്ക് ആയിട്ട് ഭവിച്ചു.

ആത്മീക അഭിനിവേശം ഭീരുക്കളായ വിശുദ്ധന്മാരെ പേടിപ്പെടുത്തുന്നു. എന്നാൽ ഇത് ഒരു ധൈര്യശാലിയായവനെ മുകളിൽ നിന്നുള്ള ആത്മീക ഉന്നതങ്ങളിലേയ്ക്കുള്ള അനുഗ്രഹം ആയിട്ട് പരിണമിക്കുന്നു. ഞാൻ അത്ഭുതപ്പെട്ടു പോകുകയാണ്. ഏതെങ്കിലും മഹത്തായ ദൈവത്തിന്റെ പ്രവൃത്തികൾ എവിടെയെങ്കിലും വളർന്നു വരണമെങ്കിൽ അവിടെ ഒക്കെയും ഒരു ചെറിയ കൂട്ടം ദൈവകമക്കളുടെ കത്തിജ്വലിക്കുന്ന തീവ്രമായ ഒരു അഭിനിവേശം ഇല്ലെങ്കിൽ സാദ്ധ്യമല്ല.

സാർവ്വത്രികമായ ഒരു ഉദാഹരണമായിട്ട് വിശുദ്ധമായ ആഗ്രഹിത്തിന്റെ ശക്തിയായിട്ട് ഇവാൻ റോബർട്ട് എന്ന വ്യക്തിയിൽ കണ്ടത്, അവൻ വെയിൽസ് രാജ്യത്തിന്റെ ഉണർവ്വുകളുടെ മനുഷ്യ പ്രതിനിധിയായിരുന്നു. അവന്റെ സാക്ഷ്യമാണെങ്കിൽ വളരെ വെളിപ്പെടുത്തുന്നതും അതുപോലെ തന്നെ ഞെട്ടിപ്പിക്കുന്നതും സ്പഷ്ടവുമായതുമാണ്. ആയതിനാൽ നമുക്ക് ആ ഒരു നിലവാരത്തിലുള്ള ഒരു ആത്മീകത ഒരുക്കിയെടുക്കേണ്ടിയിരിക്കുന്നു. ആ ഞെട്ടലിന്റെ ഭാഗമായി തീരുവാൻ.

അദ്ദേഹം അനുഭവങ്ങൾ വിശദീകരിക്കുന്നതിനായിട്ട് ഉപയോഗിച്ചിരുന്ന ഭാഷ വളരെ പ്രകാശിതവും അതിനെ ആത്മീക ആസക്തിയ്ക്കായിട്ട് ഉപയോഗിച്ചത് ഞാൻ ഇവിടെ സംസാരിക്കുന്നു. പെട്ടെന്ന് എന്റെ ഉറക്കത്തിൽ നിന്ന് ചാടി എഴുന്നേറ്റു, അതുപോലെ ഞാൻ എന്നെ പറയുവാൻ സാധിക്കാത്ത സന്തോഷത്താലും ഭയത്താലും നിറയപ്പെട്ടു സർവ്വശക്തനായ ദൈവത്തിന്റെ ആ വലിയ സാന്നിദ്ധ്യത്തിൽ. അതുപോലെ നാല് മണിക്കൂറോളം അവനുമായിട്ട്

(ശേഷം 7-ാം പേജിൽ)

ദൈവത്തിനു അവന്റെ മനുഷ്യർ ഉണ്ട്

By Leonard Ravenhill (1907 -1994)

ഒരു ക്രിസ്ത്യാനിയുടെയും ഹൃദയം പരാജയപ്പെടരുത് എന്തുകൊണ്ടെന്നാൽ ഇത് കാണുന്നത് ശത്രുവായ പിശാച് ഒരു വേലിയേറ്റം പോലെ കടന്നു വരുന്നതുകൊണ്ടും, നാട്ടിൽ പ്രവാചകന്റെ ശബ്ദം കേൾക്കുന്നതുമില്ലാത്തതുകൊണ്ടാണ്. ദൈവം അവന്റെ മനുഷ്യരെ മറെച്ചുവച്ചിരിക്കുകയാണ്. അവർ മുന്നോട്ട് കടന്നുവരുന്നത് അവരുടെ വില ചീട്ടുമായിട്ടല്ല, വിൽക്കുവാനുള്ള യാതൊന്നുകൊണ്ടു വന്നുമല്ല, ഒന്നിനെയും പ്രോത്സാഹിപ്പിക്കുന്നും ഇല്ല. എന്നാൽ അവന്റെ ദൂത് മാത്രം, ഒന്നും സംഘടിപ്പിക്കുന്നില്ല, ഒന്നിനെയും പ്രചരിപ്പിക്കുന്നില്ല എന്നാൽ ദൈവത്തിങ്കലുള്ള വിശുദ്ധി മാത്രം.

യിസ്രായേൽ ചരിത്രത്തിലെ വളരെ നിർണ്ണായകമായ ഒരു കാലഘട്ടത്തിലാണ് യോഹന്നാൻ സ്നാപകൻ ശുശ്രൂഷയിൽ വരുന്നത്. വരണ്ട ആത്മാക്കൾ അവനെ കണ്ടെത്തിയത് വരണ്ട ചുടുള്ള മരുഭൂമിയിലായിരുന്നു. വീണ്ടും ഓർക്കേണ്ടിയിരിക്കുന്ന ആ ഉദ്ബോധകമായതിനെയും അതുപോലെ, ഞാൻ ചിന്തിക്കുകയാണ്. ആസബറി സെമിനാരിയിലെ പ്രൊഫ ഹെറോൾഡ്കുഹന്റെ മൂർച്ചയുള്ള വാക്കുകൾ, ക്രിസ്ത്യാനിത്വം ലോകത്തെ സേവിച്ചിരുന്നത് ഒരു വെള്ളിതളികയിൽ അല്ലായിരുന്നു. ഇത് ജന്മം എടുത്തത് വളരെ സംസ്ക്കാര സമ്പന്നതയുള്ള ലോകത്തിൽ ഒരു സമഗ്രാധിപത്യം ശക്തിയുമായിട്ടായിരുന്നു.

ഇംഗ്ലണ്ട് ആണെങ്കിൽ ആസ്തികൃത്തിന്റെ പഠിപ്പിക്കകളിലുടെ മരണപ്പെടുകയും അതുപോലെ കളങ്കിതമായ നയങ്ങളാലും ചീഞ്ഞഴുകിപ്പെട്ടിരുന്നതും വളരെ കഷ്ടിച്ച് മാത്രമാണ്. ചില കരുതലിന്റെ കരങ്ങൾ ഓക്സ് ഫോർഡ് വിദ്യാസമ്പനായ വെസ്ലിയുടെ അടുത്തേക്കു വന്നതും അനീതിയുടെയും, തുല്യത കാത്തു സൂക്ഷിക്കാത്ത നികുതി സമ്പ്രദായങ്ങളെയും മദ്യാപാനങ്ങളുടെയും പാപാചരണം മുതലായവ അങ്ങനെ ഇതെല്ലാം ആയിരുന്നു വെസ്ലിയുടെ രംഗപ്രവേശന കാലഘട്ടത്തിൽ ഉണ്ടായിരുന്നത്. രാഷ്ട്രം ആണെങ്കിൽ രാഷ്ട്രീയത്തിൽ അകാലമൃത്യു അടഞ്ഞതും അതുപോലെ തന്നെ ജലകണങ്ങൾ ഘനീഭവിച്ചുണ്ടാകുന്ന സുച്യഗ്രമായ മഞ്ഞുപാളികളാൽ നിറയപ്പെട്ടിരുന്ന പ്രസംഗ പീഠങ്ങളും അതുപോലെ ഹിമ മനുഷ്യരും ആയിരുന്നു അവിടം. വെസ്ലി അതിന്റെ ഒക്കെയും മദ്ധ്യത്തിൽ ആത്മാവിൽ അഭിഷേകം ചെയ്ത പ്രകാശപൂരിതമായ പ്രസംഗങ്ങൾ നടത്തിയതിന്റെ പരിണിത ഫലമായിട്ട് അവന്റെ മുന്നിൽ രാഷ്ട്രം ഉരുകി അലിഞ്ഞുമാറി.

ദുരുപദേഷ്ടാക്കന്മാരുടെ പഠിപ്പിക്കലുകളും അവരുടെ ആരാധന സമ്പ്രദായങ്ങളും അതുപോലെ അവർക്കായിട്ട് കാര്യങ്ങൾ ഒരുക്കി കൊടുത്തിരുന്നവരും, അനേകം ദശലക്ഷങ്ങൾ ചെലവിട്ട് അവരുടെ ദുരുപദേശങ്ങളുടെ പഠിപ്പിക്കലുകൾ ലോകവ്യാപകമായിട്ട് നടത്തുവാനും, അതൊക്കെയും ഒരു വലിയ ഭയങ്കരമായ വെല്ലുവിളികളായിരുന്നു. ഞങ്ങൾക്ക് വെസ്ലിയെക്കാളും ഫിന്നി ഹാഡിനെക്കാളും എന്നാൽ നമ്മുടെ ദൈവം പ്രവർത്തിക്കുന്നതിനെക്കാൾ വലിയതൊന്നു അല്ലതാനും. ഞങ്ങളുടെ ഇപ്പോഴത്തെ സുവിശേഷീകരണം മനുഷ്യരുടെ വിധിയെ മാറ്റുന്നതാണ്. വേദപുസ്തകപരമായ വീണ്ടും ജനനം ദാനം ചെയ്യുകയാണ്. മനുഷ്യർക്ക് ഒരു പുതിയ ആത്മാവിൽ ജനിക്കപ്പെട്ട വ്യക്തിത്വം അങ്ങനെ വിധിയും.

ഉണർവ്വ് എന്നാൽ അത് കർത്താവിന്റെ പ്രവർത്തനവും, നമ്മുടെ കണ്ണുകൾക്ക് ആശ്ചര്യവും ആണ്. ഈറനണിഞ്ഞ കണ്ണുകളും തകർക്കപ്പെട്ട ഹൃദയവും ഉള്ള ഉണർവ്വ് പ്രവർത്തി തീർച്ചയായിട്ടും ഈറനണിഞ്ഞ, ഹൃദയം തകർക്കപ്പെട്ടതുമായ പാപികളെ വിശുദ്ധനായ ദൈവപാദത്തിങ്കലേയ്ക്കു നയിക്കും. ശരിയായ ഉണർവ്വ് എന്നാൽ പ്രിയപ്പെട്ട ഡോ. റ്റോസറിന്റെ അഭിപ്രായത്തിൽ സമൂഹത്തിന്റെ ധാർമ്മികമായ അന്തരീക്ഷത്തെ മാറ്റുന്നതാണ്. പുതിയ നിയമത്തിലെ യോഹന്നാൻ സ്നാപകനെ പോലുള്ള മനുഷ്യർ ലോകത്തിന്റെ ചരിത്രത്തിൽ തന്നെ അവരുടെ പേരുകളെ കത്തികരിച്ചതാണ്.

ഞാൻ വീണ്ടും പറയുകയാണ്, ദൈവഹൃദയത്തിന്റെ സമീപത്തേക്കു വരുന്നതിന്റെയും ദൈവ ശബ്ദം കേൾക്കുന്നതിന്റെയും ദൈവഹിതം പ്രവർത്തിക്കുന്നതിന്റെയും ചെലവ് അതു വളരെ വലുതാണ്. ദൈവത്തിനു വേഗത്തിൽ ആകുവാൻ കഴിയുകയില്ല. മരുഭൂമിയുടെ പുറകുവശം ഏകാന്തതയുടെയും ദാരിദ്ര്യത്തിന്റെയും ക്ഷണിക്കപ്പെടാത്തതിന്റെയും, ശാന്തതയുടെയും അതുപോലെ തന്നേ മുൾപ്പടർപ്പ് കത്തുന്നതിന്റെയും ദൈവശബ്ദം കേൾക്കപ്പെട്ടതും, ദർശനം നൽകപ്പെട്ടതും, അവിടുത്തെ ഹിതം നടപ്പിൽ വരുത്തുന്ന ഇടവും ആണ്.

പ്രാർത്ഥന എന്ന പാഠശാലയിൽ നിന്ന്, മരുഭൂമിയിൽ നിന്ന്, മനുഷ്യർ വെളിപ്പാടിന്റെ തീച്ചൂളയിൽ കിടന്ന് കത്തിയതും അതുപോലെ അവിടുത്തെ പരിപൂർണ്ണമായ ഹിതത്താൽ ശക്തിപ്പെടണം എന്നുള്ള തീരാത്ത ആഗ്രഹവും, രാഷ്ട്രങ്ങളെ നിരാശപ്പെടുത്തിയതും അതുപോലെ ജനങ്ങളെ മോചിപ്പാൻ വേണ്ടി ഉദിച്ചുയർന്നു. പ്രവാചകന്മാരുടെ പാഠശാലയിൽ ഒരിക്കലും ആൾക്കൂട്ടം അധികം ആയിട്ടില്ല. അവിടെ അറിയപ്പെടുന്ന പാഠ്യപദ്ധതികൾ ഒന്നും തന്നെയില്ല. സമയത്തിനു അനുസ്യൂതം ആയിട്ട് ദൈവം മനുഷ്യരെ ഒരുക്കി എടുക്കുന്നു. അവിടെയെല്ലാം വളരെ സ്പഷ്ടമായ ഒരു വസ്തുത ഉണ്ടെന്നുള്ളത് മറക്കരുത്, അവരെല്ലാവരും ഒറ്റയ്ക്കുള്ള മനുഷ്യർ ആണ്, ആരും അറിയാത്ത മനുഷ്യരും, വളരെ തീഷ്ണമായ ആഗ്രഹം ഉള്ളവരും ശക്തിയുള്ള മനുഷ്യരും പീഢിപ്പിക്കപ്പെട്ട മനുഷ്യരും ആണ്. അവർക്ക് അറിയാം അവരുടെ രക്ത ചൊരിച്ചിലിൽ കൂടിയാണ് അനുഗ്രഹങ്ങൾ സംഭവിക്കുന്നതെന്ന്.

കർത്താവേ, ഞങ്ങളുടെ മേൽ ഉണർവ്വിന്റെ ജനത്തെ അയക്കേണമേ

ഇപ്പോൾ നാം തകർക്കപ്പെട്ട രാജ്യവും സാമ്പത്തിക തകർച്ച നേരിടുന്നവരും, ധാർമ്മികമായും അതുപോലെ ആത്മീകമായിട്ടും, നാം ചിന്തിക്കുന്നതുപോലെ നാം ഒക്കെയും പകുതി ആത്മീകത ഉള്ളവരാണെങ്കിൽ നാം കർത്താവിന്റെ ഭവനത്തിലേക്കു പോകുകയും രട്ടുടുത്തു കരങ്ങളിൽ വെണ്ണീറു നിറച്ചു അതിനെ നമ്മുടെ അയോഗ്യമായ ശിരസ്സുകളിൽ വാരിവിതറിയും ആയിരിക്കേണ്ടതാണ്. എന്നാൽ ഇപ്പോഴും നമ്മുടെ പള്ളിക്കകത്ത് കളിയാണ് നടക്കുന്നത്. ഇന്നും നാം ഗാംഭീരമില്ലാത്ത പ്രസംഗങ്ങളിൽ സന്തോഷിക്കുകയും അതുപോലെ പൊള്ളയായ പ്രാർത്ഥനകളും നടത്തന്നു. നമ്മുടെ രട്ടും അതുപോലെ വെണ്ണീറും യെശയ്യാവിന്റെ തുപോലെ സ്പഷ്ടമായിരിക്കേണ്ടതാണ്. “നഗ്ന പാദത്തോടെയും ചരിപ്പു കൂടാതെയും” (ഒരു അടിമയെപോലെ) ഏകദേശം മൂന്നു വർഷത്തോളം ഒരു അടയാളം പോലെ നടന്നത് (യെശ. 20:2,3).

യിരെമ്യാവാണെങ്കിൽ ജനത്തിന്റെ പാപജീവിതം കണ്ടതുകൊണ്ട് കരഞ്ഞു ജീവിച്ചു. അവൻ അവരുടെ മോശജീവിതമാർഗ്ഗങ്ങളെ വളരെ കർശനമായിട്ട് ശാസിച്ചതിനാൽ, അവനെ ജയിലിൽ അടക്കുകയും അതുപോലെ കിണറിന്റെ അടിതട്ടിലുള്ള ചെളിയിൽ വളരെ ദാരുണമായിട്ട് കിടന്നു ഉറങ്ങേണ്ടിയും വന്നു. പറയുന്നതിനെക്കാൾ നല്ലതായിട്ട് അവൻ അറിഞ്ഞിരുന്നു. സമാധാനം സമാധാനം ഒരു സമാധാനവും ഇല്ലാതിരുന്ന ഒരു സമയത്ത് അവൻ മാത്രമാണ് അറിഞ്ഞിരുന്നത്. തീർപ്പാകാതെ ഇരുന്ന ദൈവത്തിന്റെ വിധിയെക്കുറിച്ച് ദൈവകോപം മുഖാന്തരം അവൻ ഏകനായിട്ട് ഇരുന്നു (യിരെ. 15:17).

കർത്താവു വരുന്നു

By Horatius Bonar

" നിങ്ങളുടെ കർത്താവു ഏതു ദിവസത്തിൽ വരുന്നു എന്നു നിങ്ങൾ അറിയായ്ക കൊണ്ടു ഉണർന്നിരിപ്പിൻ. അങ്ങനെ നിങ്ങൾ നിനെക്കാത്ത നാഴികയിൽ മനുഷ്യ പുത്രൻ വരുന്നതുകൊണ്ടു നിങ്ങളും ഒരുങ്ങിയിരിപ്പിൻ " (മത്താ. 24:42, 44).

നാം ഇതിനെ നമുക്കുവേണ്ടിയുള്ളതാണെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ആദ്യകാല സഭയുടെ കാര്യത്തിലാണെങ്കിൽ ഇത് വളരെ സത്യം തന്നെ ആയിരുന്നതുപോലെ, നാം തീർച്ചയായിട്ടു അധികം സത്യത്തോടെ ഇതിനെ ഉദ്ഘോഷണം നടത്തണം, അല്ലെങ്കിൽ കുറഞ്ഞ പക്ഷം, അധികം ശക്തിയോടെ ; കാരണം (ഇരുപത്) നൂറ്റാണ്ടുകൾ കൊണ്ടുവന്നിരിക്കുന്നത്, നമ്മെ ഇതിന്റെ പൂർത്തീകരണത്തിനോട് അടുത്തെത്തിച്ചിരിക്കുകയാണ്. ഇത് യജമാനന്റെ തന്നേയുള്ള മുന്നറിയിപ്പാണ്. ഇത് വളരെ സ്പഷ്ടവുമാണ്. വളരെ പ്രായോഗികമായതും, വളരെ അന്വേഷിക്കേണ്ടതുമാണ്. നമുക്ക് താഴെ പറയുന്ന ക്രമത്തിൽ ഇതിനെ ചിന്തിക്കാം.

നമ്മുടെ കർത്താവ് വരും

അവന്റെ പേര് കർത്താവ്, യജമാനൻ എന്നാകുന്നു, ഭരണകർത്താവ് യഹോവയ്ക്കു വേണ്ടി പ്രയോഗിച്ചിരിക്കുന്നതാണ് ഇത്. അവന്റെ നാമം നമ്മുടേത് എന്നാകുന്നു. അല്ലെങ്കിൽ നിങ്ങളുടേത്, കർത്താവ് നിങ്ങളുടെ കർത്താവ്. അതുകൊണ്ട് അവിടുന്നു നമ്മോട് ബന്ധപ്പെട്ടിരിക്കുന്നു. അതുപോലെ നാം അവിടുത്തോടെയും ബന്ധപ്പെട്ടിരിക്കുകയാണ്. സുഹൃത്തു ആയിട്ടും യജമാനൻ ആയിട്ടും, ഗുരു ആയിട്ടും, രാജാവായിട്ടും. നമ്മുടെ കർത്താവ് വരും! അറിയപ്പെടാത്ത ഭാവികാലത്തിന്റെ മഹത്തായ ഒരു തീർച്ചയാണിത്. അവൻ താമസിച്ചേക്കാം, എന്നാലും അവിടുന്ന് അവസാനം വരിക തന്നെ ചെയ്യും. അനവധി പ്രതിസന്ധികൾ ഉയർന്നേക്കാം, എന്നാലും അവിടുന്നു വരിക തന്നെ ചെയ്യും. മനുഷ്യർക്ക് അവനെ കാണുവാൻ ആഗ്രഹം ഇല്ലാത്തവരായിരിക്കാം, എങ്കിലും അവിടുന്നു വരും. സഭ മന്ദതയുള്ള തണുത്തതായിരിക്കാം, പക്ഷേ അവൻ വരും. ഭൂമി വേണമെങ്കിൽ ചിന്തിച്ചേക്കാം. അവർക്ക് അവന്റെ ആവശ്യകത ഒന്നു തന്നെ ഇല്ലായെന്ന്, എന്നാലും അവിടുന്നു വരും! പതിഹാസി വേണമെങ്കിൽ പറഞ്ഞേക്കാം, അവന്റെ വരവിനെ സംബന്ധിച്ച വാഗ്ദത്തം എവിടെയാണ്? എന്നാലും അവൻ വരിക തന്നെ ചെയ്യും. ശത്രുവായ പിശാച് അവന്റെ മുഴുബലവും പ്രയോഗിച്ച് എതിർത്തേക്കാം, പക്ഷേ അവൻ വരും. ഇതാണ് മഹത്തായ ഭാവിയെകുറിച്ച് തീർച്ചയായിട്ടു ക്രിസ്തുവും അതുപോലെ അവിടുത്തെ അപ്പോസ്തലന്മാരും നമ്മുടെ മുമ്പാകെ വിളംബരം ചെയ്തിരിക്കുന്നത്. നമ്മുടെ കർത്താവ് വരും!

ഏതു സമയത്താണെന്ന് നാം അറിയുന്നില്ല

പിതാവ് അറിയുന്നു, എന്നാൽ നമുക്ക് അത് അറിഞ്ഞുകൂടാ മനുഷ്യനോ അല്ലെങ്കിൽ ദൂതനോ അല്ലെങ്കിൽ സഭയ്ക്കോ ഏതെങ്കിലും വിശുദ്ധനോ എന്നു മാത്രമല്ല, ഇങ്ങനെയാണ് പറഞ്ഞിരിക്കുന്നത്, പുത്രൻ പോലും, ദൈവത്തിന്റെ തന്നേ ഏറ്റവും വലിയ ഒരു രഹസ്യമാണിത്. അതുകൊണ്ട് മനുഷ്യർക്ക് വളരെ എളുപ്പമാർഗ്ഗത്തിൽ ഇതിനെ ഗ്രഹിച്ചെടുക്കാം. എന്തുകൊണ്ടെന്നാൽ ദൂതന്മാർക്ക് പ്രാപ്തമല്ലാത്തതും, അതുപോലെ എന്തുകൊണ്ടെന്നാൽ ഇത് പുത്രനോടുമായിരുന്നു. നാം പറയുന്നതുപോലെ അല്ല. ഇത് തീർച്ചയായിട്ടു വളരെ പ്രധാനപ്പെട്ട രഹസ്യം തന്നേ ആണ്, പിതാവ് തന്നേ അതിനെ നിയന്ത്രിച്ചിരിക്കുമ്പോൾ ഇതിന് വളരെ പ്രധാനപ്പെട്ട ചില ഉദ്ദേശ്യങ്ങൾ ചെയ്തെടുക്കുവാനുണ്ട്. ഇപ്പോൾ അത് എന്തായിരിക്കുമെന്ന് നാം അറിയുന്നില്ല, എന്നാൽ ഇതനുശേഷം നാം അറിയുന്നതായിരിക്കും സമയം ആസന്നമായിരിക്കുന്നു. സംശയം വേണ്ട, ദൈവീക ഉദ്ദേശ്യത്തിൽ അത് എന്നേക്കുമായിട്ട് സൂക്ഷിച്ചിരിക്കുകയാണ്, എന്നാൽ ആവളരെ സമയം നമ്മിൽ നിന്നു മറെച്ചു വച്ചിരിക്കുകയാണ്. അവരൊക്കെ തെറ്റ് പ്രവർത്തിക്കുന്നു. അപ്പോൾ അതാണോ സമയത്തെ സൂക്ഷിച്ച് വെച്ചിരിക്കുന്നത്, അങ്ങനെ അവർ ദൈവത്തിൽ നിന്നു വളരെ ശരിയായ രഹസ്യത്തെ അന്വേഷിക്കുകയും ചെയ്യുന്നു. അവരൊക്കെ തെറ്റ് ചെയ്യുന്നു കാരണം മുഴുവൻ വിഷയങ്ങളെയും നിരസിച്ചുകളഞ്ഞിരിക്കുന്നു എന്തുകൊണ്ടെന്നാൽ ഈ രഹസ്യം നമ്മോടു ബന്ധപ്പെട്ടിരിക്കുന്നു. അവർ തെറ്റാണ് ചെയ്തുകൊണ്ടിരിക്കുന്നത്. അവരൊക്കെ എല്ലാ വസ്തുതകളെയും നിന്ദിച്ച് കളയുകയാണ് എന്തുകൊണ്ടെന്നാൽ വളരെ കടുത്ത പരിശ്രമങ്ങളും അല്ലെങ്കിൽ പ്രവചനങ്ങൾ ഉള്ളവരാണെന്നുള്ള അഭിനയിച്ച് നടക്കുന്നവരുടെ തെറ്റായ വ്യാഖ്യാനങ്ങളാണ് ഇത് സംഭവിച്ചത്. അങ്ങനെ, നാം അറിയും, അതുപോലെ തന്നേ നാം അറിയുന്നു ഇല്ല. നാം അറിയുന്നു. അതായത് അവിടുന്നു വരും എന്ന് എന്നാൽ നാം അറിയുന്നില്ല എപ്പോഴാണെന്ന്.

ജാഗ്രതയുള്ളവരാകുക.

സങ്കേതം സൂക്ഷിപ്പുകാരനായ കാവൽക്കാരനെപ്പോലെ; ശത്രുവിനെ കണ്ടിരിക്കുന്ന പട്ടാളക്കാരനെപോലെ എല്ലാ വശങ്ങളിലും പാറകൂട്ടങ്ങളും അതുപോലെ തന്നേ ദുർഘടമായ സ്ഥലങ്ങളിൽ കൂടി നയിക്കുന്ന ഒരു അമരക്കാരനെപോലെ; അർദ്ധ രാത്രിയിൽ കവർച്ച നടത്തുവാൻ വരുന്ന കള്ളനെകുറിച്ച് ജാഗ്രതയോടെ കാത്തിരിക്കുന്ന വീട്ടുടമസ്ഥനെപോലെ ജാഗ്രതയുള്ളവരാകുക! നാം അറിഞ്ഞിരുന്നുവെങ്കിൽ; അപ്പോൾ എത്ര അധികമായിട്ടു നാം ജാഗ്രതയുള്ളവരായിരിക്കണം. എപ്പോഴാണെന്ന് നാം അറിയാത്തതുകൊണ്ട് നമ്മുടെതായ കാത്തിരിപ്പുകൾ നമുക്ക് എടുത്തു എറിഞ്ഞുകളയാം. അല്ലെങ്കിൽ ജഡത്തിന്റെയും അല്ലെങ്കിൽ പിശാചിന്റെതായ അല്ലെങ്കിൽ ലോകത്തിന്റെതായ ഇതിനെയെല്ലാം എറിഞ്ഞുകളയുക. മറ്റുള്ളവർ പ്രവർത്തിക്കുന്നതുപോലെ നിങ്ങൾ ഉറങ്ങിപോകരുത്, എന്നാൽ നമുക്ക് ജാഗ്രതയോടെ കാത്തിരിക്കുകയും അതുപോലെ തന്നേ കരയുകയും ചെയ്യാം.

തയ്യാറുള്ളവരാകുക

നാം ഒരു പക്ഷേ ജാഗ്രതയോടെ കാത്തിരിക്കുവരായിരിക്കാം. പക്ഷേ തയാറുള്ളവരല്ലായിരിക്കാം. നമ്മുടെ കർത്താവ് ഇതു രണ്ടും ആഗ്രഹിക്കുന്നു. നിങ്ങൾ എന്റെ ശിഷ്യന്മാരാകയാൽ, തയാറുള്ളവരായിരിക്കുക! നിങ്ങൾ വിശുദ്ധന്മാരാകയാൽ തയാറുള്ളവരായിരിക്കുക. എന്താണ് തയാറുള്ളവരായിരിക്കുക എന്നു പറഞ്ഞാൽ, അത് ആകുന്നത് 1) നിൽക്കുവാനുള്ള തയാറെടുപ്പ് അവനിൽ പൂർണ്ണതയുള്ളവരായിട്ട്, കൃപയാൽ നിങ്ങൾ നില്ക്കുക, 2) ഉടയാടകൾ തയാറായിക്കുക, നാം നല്ല വസ്ത്രം ഉള്ളവരായിരിക്കുക, ഉള്ളവരായിരിക്കണം. വൃത്തിയുള്ളതും അതുപോലെ വെണ്മയുള്ള വെളുത്തതും ആയിരിക്കേണം. ക്രിസ്തുവിന്റെ നീതികരണം പ്രാപിക്കപ്പെട്ടവരായിട്ട് 3) ഹൃദയത്തിന്റെയും അതുപോലെ തന്നേ അവന്റെ പ്രത്യക്ഷതയെയും സ്നേഹിക്കേണം. അവനോടുള്ളതായിരിക്കണം. നമ്മുടെ സ്നേഹം; നമ്മിൽ ആത്മാവും സേവിക്കുന്നരും അതുപോലെ മുദ്രയുള്ളവരും ആയിരിക്കേണം. 4) ആത്മീകതയിൽ തയാറെടുപ്പുകൾ ഉണ്ടായിരിക്കേണം. വിളക്കുകളിൽ മാത്രം പോരാ. എണ്ണ എന്നാൽ നമ്മുടെ പാത്രങ്ങളിലും വേണ്ടിയിരിക്കുന്നു. പരിശുദ്ധാത്മാവാകുന്ന ദൈവം തന്നേ ആയിരിക്കണം അത്. യജമാനൻ ഇപ്പോഴും കരയുകയാണ്,

(ശേഷം 8-ാം പേജിൽ)

(1-ാം പേജിന്റെ തുടർച്ച)

സർവ്വവും പ്രാർത്ഥനയാൽ

പ്രാർത്ഥിക്കാത്തതുകൊണ്ട്, ദൈവമക്കളെ സംബന്ധിച്ചിടത്തോളം പ്രാർത്ഥന ഒരു ജീവിതം ആകുന്നു. നാം പ്രാർത്ഥനാ ജീവിതത്തെക്കുറിച്ച് സംസാരിക്കേണം. അതാണ് നമ്മുടെ ശരിയായ ക്രിസ്തീയ വളർച്ചയുടെ തോത്. ഇതാണ് നമ്മുടെ ശരിയായ ശക്തിയുടെ അളവ് തോത്. പിശാച് നമ്മു ടെ ശക്തിയെ ആക്രമിക്കുകയില്ല, നമ്മുടെ പ്രാർത്ഥനയെ മാത്രം.

അവർ മുന്നോട്ട് കടന്നു പൊയ്ക്കൊണ്ടിരിക്കുമ്പോൾ ശിഷ്യന്മാർ അറിയുവാൻ തുടങ്ങി. കർത്താവായ യേശുവിന്റെ മഹത്തായ രഹസ്യം പ്രാർത്ഥന ആയിരുന്നു എന്ന്. അവർ കണ്ടുപിടിച്ചു അവിടുന്ന് മരണത്തിലായിരുന്നപ്പോൾ അവിടുത്തെ വലിയ പ്രാർത്ഥനയുടെ രഹസ്യം ഇത് തന്നേയായിരിക്കേണം അവരുടേതു എന്നുള്ള വസ്തുത; അതുപോലെ തന്നേ അതു അവിടന്നുള്ള വാഗ്ദത്തങ്ങളാൽ, അവിടുത്തെ ചട്ടങ്ങളാൽ അവിടുത്തെ ഉപമകൾ, അങ്ങനെ, സകലത്തിനും മീതെ, അവിടുത്തെ അത്യൽഭുതമായ പ്രായോഗിക പരിശീലനങ്ങൾ അവിടുന്ന് അവർക്കായിട്ട് കൈമാറ്റം ചെയ്കപ്പെടുകയായിരുന്നു.

നമ്മുടെ കർത്താവ് സ്വർഗ്ഗാരോഹണം ചെയ്യുന്ന സമയത്ത്, അവിടുത്തെ ശിഷ്യന്മാർ എല്ലാം പഠിച്ചിരുന്നില്ല. എങ്കിലും എങ്ങനെ പ്രാർത്ഥിക്കണമെന്ന് അവർക്ക് അറിയാമായിരുന്നു. ഈ രഹസ്യം അവരുടേയതായിരുന്നു. ഇപ്പോൾ അവൻ അവരെ വിട്ടു യാത്ര ചെയ്യുകയാണ്, എന്തുകൊണ്ടെന്നാൽ അവിടുന്ന് അവരെ നല്ലവണ്ണം പ്രാർത്ഥനയാൽ അഭ്യസിപ്പിച്ചിരുന്നു. പ്രാർത്ഥനയും അതുപോലെ വിശ്വാസവും അങ്ങനെ അത് അവർക്ക് പൂർണ്ണമായിട്ടു അവിടുത്തെ വചനങ്ങളിൽ ആശ്രയിക്കുവാനും, അങ്ങനെ അവനിൽ ആശ്രയിപ്പാൻ അവിടുന്നു കഴിഞ്ഞു. അവരുടെ പരിശീലനം പൂർത്തീകരിച്ചു. ഇതായിരുന്നു അവരുടെ തുടക്കം. അപ്പോൾ മുതൽ അവർ വളരുവാൻ തുടങ്ങി, അപ്പോസ്തലപ്രവൃത്തികളിലെ ഓരോ അദ്ധ്യായങ്ങൾ തോറും, അവരുടെ വളർച്ചകൾ നാം കാണുന്നത് അവരുടെ മുഴങ്കാലുകളിൽ ഇരുന്നു പ്രാർത്ഥിച്ചതിനാലാണ്.

എല്ലാം പ്രാർത്ഥനയാൽ ആയിരുന്നു. ഏറ്റവും പ്രധാനപ്പെട്ട കാരണം അവരുടെ മുഴുവൻ ജീവിതവും അതുപോലെ നമ്മുടേതു തുടർമാനമായ അത്ഭുതങ്ങളുടെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാണ്. ഇ താണ് എല്ലാ കാര്യങ്ങളിലും പ്രവേശിക്കുവാനുള്ള അവിടുത്തെ ഒരു പദ്ധതി, അങ്ങനെ ഇത് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. നമ്മെ ഇതിലേക്കു നടത്തികൊണ്ട്, എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും അങ്ങനെ അവിടുന്ന് നമ്മിൽ സർവ്വവും ആകുന്നു, അതുപോലെ എല്ലാ മഹത്വവും അവിടുത്തേക്ക്. "ഞങ്ങളേയും പ്രാർത്ഥിക്കുവാൻ പഠിപ്പിക്കേണമേ " (ലൂക്കോ. 11:1).

(4-ാം പേജിന്റെ തുടർച്ച)

❖

ഒരു ആത്മീക പതനത്തെ ജ്വലിപ്പിക്കുക

മുഖാമുഖം സംസാരിക്കുവാനുള്ള അമൂല്യമായ അവസരം ലഭിച്ചു, ഒരു മനുഷ്യൻ തന്റെ സുഹൃത്തിനോട് സംസാരിക്കുന്നതുപോലെ 4-ാംമണി സമയത്താണ് ഇങ്ങനെ സംഭവിക്കപ്പെട്ടത്. അതിനുശേഷം വീണ്ടും ഞാൻ ഭൂമിയിലേക്ക് മടങ്ങിവന്നു.

എന്നെ തിരിക്കുക, എന്നെ തിരിക്കുക

വീണ്ടും അവൻ പറയുവാൻ തുടങ്ങി. പെട്ടെന്ന് ചില അത്ഭുതപരമായ സ്വാധീനങ്ങളാൽ ഞാൻ നിറയപ്പെട്ടു. എനിക്ക് അനുഭവപ്പെടുവാൻ തുടങ്ങി. ചില ജീവൻ നല്കുന്ന ഊർജ്ജത്തിന്റെ ശക്തി എന്റെ ഹൃദയത്തിലേക്കു പ്രവേശിക്കുന്നതായിട്ട്. എന്റെ ശ്വാസത്തെ അത് അടക്കി. എന്റെ കാലുകൾ ഭീതിയാൽ വിറക്കപ്പെട്ടു. ഈ ജീവനുള്ള ഊർജ്ജം അത് വർദ്ധിച്ച് വരുവാൻ തുടങ്ങി അതായത് ഒരുവൻ ശേഷം വേറൊരുവൻ പ്രാർത്ഥിച്ചതു പോലെ, എന്നെ അത് മുഴുവനായിട്ട് ദഹിപ്പിക്കുന്നതുവരെയും എന്റെ ഹൃദയം അതിൽ തിളയ്ക്കുകയും അതുപോലെ ഞാൻ പ്രാർത്ഥിക്കാതെയും ഇരുന്നുവെങ്കിൽ ഞാൻ കത്തിച്ചാമ്പലാകുമായിരുന്നു.

എന്താണ് എന്റെ ഹൃദയത്തെ തിളപ്പിച്ചത്? ഇത് വചനം ആയിരുന്നു. " ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നേ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു " (റോമ. 5:8).

ഞാൻ മുഴങ്കാലുകളിൽ ഇരുന്നിട്ട് എന്റെ കരങ്ങളെ എന്റെ മുന്നിലുണ്ടായിരുന്ന കസേരയിലേക്കു വിടർത്തിവെച്ചു. എന്റെ മുഖത്ത് നിന്ന് വിയർപ്പ് തുള്ളികൾ വീഴുവാൻ തുടങ്ങി അതുപോലെ എന്റെ കണ്ണുനീർ ഒരു അരുവിയായിട്ട് മാറുകയും അങ്ങനെ പെട്ടെന്ന് ഞാൻ ചിന്തിച്ചു രക്തം പുറത്ത് വരുമെന്ന്... ഞാൻ കരഞ്ഞു എന്നെ തിരിക്കുക, എന്നെ തിരിക്കുക ഞാൻ തലകുനിച്ചതിനുശേഷം ഒരു തിരമാലപോലെയുള്ള സമാധാനത്താൽ എന്റെ ആത്മാവ് നിറയപ്പെട്ടു.

ഇത് എന്നെ ഒരു പ്രത്യക്ഷ പ്രമാണത്താൽ ക്രമീകരിക്കപ്പെടുവാനും അത് നമ്മുടെ ആത്മീക അവസ്ഥയെ പരിപൂർണ്ണമായിട്ട് നമ്മുടെ ആഗ്രഹങ്ങളുടെ തീവ്രതയിലേക്കുള്ള ഒരു എഴുത്തു കുത്തായി മാറുകയും ചെയ്തു. നമുക്ക് എല്ലാവർക്കും അവൻ ആഗ്രഹിച്ചതുപോലെയുള്ള കൃപ ആസ്വദിക്കുവാൻ സാധിക്കും. എന്താണ് നാം കൈവശം വച്ചിരിക്കുന്നതെന്നും അതുപോലെ എന്താണ് നാം കൈവശം വയ്ക്കുവാൻ ആഗ്രഹിക്കുന്നതുമെന്നുള്ള ഒരു പൊരുത്തം ഇല്ലായ്മ ഇവിടെ വളരെ പ്രകടമാണ്. നാം വേണമെങ്കിൽ സുരക്ഷിതത്തോടെ പര്യവസാനിപ്പിച്ച് പറഞ്ഞേക്കാം ഞങ്ങളുടെ ആഗ്രഹം ഞങ്ങൾ ഊഹിച്ചതുപോലെ അത്ര വലിയതല്ലെന്ന്. ഞങ്ങൾക്ക് ദൈവത്തെയാണ് ആഗ്രഹം, ഇത് സത്യം തന്നെ, എന്നാൽ ഞങ്ങൾക്ക് വേറെ ചിലതൊക്കെയും കൂടെ വേണം. അതുപോലെ ഞങ്ങൾ എന്താണോ കൂടുതൽ ആഗ്രഹിക്കുന്നത് ഞങ്ങൾക്ക് ലഭിക്കും.

നമ്മുടെ ആഗ്രഹങ്ങൾ മന്ദോഷ്ണമായ അവസ്ഥയാണെങ്കിൽ എന്താണ് നമുക്ക് പ്രവർത്തിക്കുവാൻ സാധിക്കുന്നത്? നമ്മുടെ അവസ്ഥയെ അന്നേരം ഒരു ആത്മീക രോഗമായിട്ട് ചികിത്സിക്കേണ്ടിയിരിക്കുന്നു. അതുപോലെ അപ്രകാരം പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ദൈവസന്നിധിയിലേക്കു ഇതുമായിട്ട് കടന്നു വന്നിട്ട് മറ്റെതെങ്കിലും തരത്തിലുള്ള ഒരു പാപം പ്രവർത്തിച്ചതുപോലെ, അവിടുത്തെ മുമ്പിൽ പശ്ചാത്താപത്തോടെയും വിശ്വാസത്തോടെയും നിന്നിട്ട് അങ്ങനെ പരിശുദ്ധമായ ആ ആഗ്രഹം കത്തി ജ്വലിക്കുവാൻ തുടങ്ങുകയും അതിൽ തന്നെ ആളികത്തുകയും ചെയ്യട്ടെ.

ശക്തമായ ആഗ്രഹത്തിന്റെ വരവോടുകൂടെ ഒരു നവീനമായ ലോകം നമ്മുടെ മുമ്പിൽ തുറക്കുകയും ചെയ്യുന്നു. വളരെ ലളിതമായ ബൈബിളിന്റെ സത്യം അത് ഒരു പുതിയ ജീവനുള്ളതായി മാറുകയും അതുപോലെ അനുഗ്രഹത്തിന്റെ അർത്ഥങ്ങളായി മാറുകയും ചെയ്യുന്നു. ക്രിസ്തു എന്ന വ്യക്തി വളരെ അടുത്തവനായിട്ട് മാറുകയും പ്രകടനങ്ങൾക്ക് അപ്പുറം ആയി തീരുകയും ചെയ്യുന്നു, അതുപോലെ നമ്മുടെ ജീവിതങ്ങൾ കത്തി ജ്വലിക്കുവാൻ തുടങ്ങുകയും ഒരു പുത്തനായതു അതുപോലെ അത്ഭുതകരമായ ധ്യാനവും ആയിതീരുകയും ചെയ്യുന്നു.

❖

(5-ാം പേജിന്റെ തുടർച്ച)

ദൈവത്തിനു അവന്റെ മനുഷ്യർ ഉണ്ട്

ഓ മനുഷ്യർ ആരാണോ കർത്താവിനായിട്ട് കാത്തിരിക്കുന്നത്, അവിടുത്തെ മാധുര്യ ശബ്ദം കേൾക്കുന്നതും അവർ അവിടുന്നുള്ള ബലത്തിന്റെയും അതുപോലെ ഒരധികാരത്തോടു അവിടുത്തെ സന്ദേശത്തെ രോഗിയായിതീർന്ന സഭയ്ക്കു അതുപോലെ ഉള്ള ഒരു ചരമം പ്രാപിക്കുന്ന ലോകത്തിന്റെ മേലും പ്രഘോഷിക്കുവാൻ വേണ്ടി സ്നാനം ഏൽക്കേണ്ടിയിരിക്കുന്നു.

നാം ജഡത്തിൽ അധികനാൾ അദ്ധ്വനാനിക്കപ്പെട്ടിട്ടുണ്ട്. ഭൗതികമായ നേട്ടങ്ങളായ ആകാശചുംബികളായ കെട്ടിടങ്ങളാലും ഭയങ്കര ജനക്കൂട്ടങ്ങളാലും, അവന്റെ

(ശേഷം 8-ാം പേജിൽ)

(7-ാം പേജിന്റെ തുടർച്ച)

ദൈവത്തിനു അവന്റെ മനുഷ്യർ ഉണ്ട്

സന്തോഷത്തിനായിട്ടുള്ള വലിയ സ്തോത്രകാഴ്ചകളും നാം ഇങ്ങനെ വ്യാഖ്യാനിച്ചിരിക്കുകയാണ്. അധിക നാളുകളായിട്ട് നമുക്ക് ചില ക്ഷീണിതരായ പ്രസംഗകർ ഉണ്ട്. നമുക്ക് ധാരാളം പ്രചോദകരുണ്ട്, കർത്താവ് നമ്മെ ഉണർവ്വിന്റെ മക്കളായിട്ട് അയക്കട്ടെ. നാം സുവിശേഷ സന്ദേശങ്ങൾ നടത്തിയിട്ട് ഉണ്ട്. നൂറുക്കണക്കിനുള്ള സൂത്ര പ്രയോഗങ്ങൾ കൊണ്ട്; കർത്താവേ ഞങ്ങൾ ക്ക് നല്കുക, മനുഷ്യ ചിരത്രത്തിലെ ഈ ഇരുണ്ട സമയങ്ങളിൽ ചില യോഹന്നാൻ സ്നാപകരെ പ്പോലെയുള്ളവരെ ജ്വലിക്കുവാനും അതുപോലെ പ്രകാശിക്കുവാനും ചില നോ ക്സിനെപ്പോലെ ഉള്ളവർ പറയട്ടെ, സ്കോട്ട്ലണ്ടിനെ എനിക്ക് നല്കുക, അല്ലെങ്കിൽ ഇംഗ്ലണ്ട്, അല്ലെങ്കിൽ അമേരിക്ക അല്ലെങ്കിൽ ഞാൻ മരിക്കട്ടെ.

അങ്ങയുടെ പ്രവർത്തിയെ ഉണർത്തുക,
ഓ കർത്താവേ,
പെന്തക്കോസ്തു മഴയെ അയക്കേണമേ.
എല്ലാ മഹത്വവും അങ്ങയ്ക്കു അനഗ്രഹവും കർത്താവേ ഞങ്ങളുടേതു. ❖

(6-ാംപേജിന്റെ തുടർച്ച)

കർത്താവു വരുന്നു

തയാറുള്ളവരാകുക.

1. **ഒരു മുന്നറിയിപ്പ്**

അലസനോ. വിശുദ്ധന്മാരോടു ഉറങ്ങരുത്. ഉണർന്നിരിക്കുക! ഏതെങ്കിലും നിലയിലുള്ള സ്വാധീനങ്ങളിൽപ്പെട്ടു പോയേക്കാവുന്നതുകൊണ്ട് അത് കർത്താവിന്റെ പ്രത്യക്ഷതയെ നിങ്ങളിൽ വ്യത്യാസപ്പെട്ടിരിക്കാം. എന്നതിനാൽ ജാഗ്രതയുള്ളവരാകുവിൻ. ലൗകികമായ വാദങ്ങളിൽ നിന്നും ആത്മീക മണ്ഡലങ്ങളിൽ നിന്നു ഉയർന്നു വന്നേയ്ക്കാവുന്ന വാദങ്ങളെക്കുറിച്ച് ജാഗ്രതയുള്ളവരാകുവിൻ കാലഘട്ടത്തിന്റെതായ മയക്കത്തിൽ നിന്നു തെറ്റുകളിൽ നിന്നു ജാഗ്രതയുള്ളവരാകുവിൻ.

2. തീരുമാനിക്കപ്പെട്ടില്ലാത്തതുകൊണ്ട്, താങ്കൾ ആകാംഷഭരികനായിരിക്കുകയാണ്, എന്നിട്ടും താങ്കൾ ഒരു ശരിയായ തീരുമാനം എടുത്തിട്ടില്ല. ഒരു ദൈവപൈതലായിതീരുക എന്നതുകൊണ്ട് ഇപ്പോൾ ഗത്യന്തരമില്ലാത്തതുകൊണ്ട് തൃപ്തികൊള്ളുന്നവരായിരിക്കാം. എന്നാലും അങ്ങനെ ആകുന്നുമില്ല. താങ്കൾ യേശുവിന്റെ ഒരു പിൻഗാമി ആയിരിക്കുവാനാണ് ആഗ്രഹിക്കുന്നത്, എന്നിട്ടും ആഗ്രഹിച്ചു പോകുകയാണ് ഒരു രമ്യത (അനുരജ്ഞനം) യിൽ ആയിരിക്കുവാൻ അല്ലെങ്കിൽ കുറെകൂടെ വൈകുവാൻ. തെറ്റുപറ്റരുത്. ദൈവത്തെ കളിയാക്കരുത്. ഒരിക്കൽ തിരുമാനിക്കുക. കർത്താവു വരും അതുപോലെ താങ്കളുടെ വേലിയേറ്റവും മാറിപോകട്ടെ.

3. **അശ്രദ്ധ.** ലോകം അത് ഭയങ്കരമാകുന്ന വിധത്തിലാണ് അശ്രദ്ധയിൽ ആയിരിക്കുന്നത്. അമിതമായ ഉറക്കവും, ശൂന്യതയിൽ ഇരുന്നുകൊണ്ട് സ്വപ്നം കാണുകയും പാപത്തെ ആസ്വദിക്കുകയും. ശൂന്യതകളും ആഢംബരങ്ങളും സന്തോഷമാർഗ്ഗങ്ങളും ഉല്ലാസങ്ങളിൽ എല്ലാം ലോകത്തിൽ അശ്രദ്ധ് അത് അതിന്റെ രീതിയിൽ ശക്തിപ്പെട്ടിരിക്കുകയാണ്. ക്രിസ്തു സംസാരിക്കുന്നു. ഉണർന്നിരിപ്പിൻ; ഇനിയും ഉറങ്ങരുത്! ഉണർന്നിരിപ്പിൻ, അല്ലാത്ത പക്ഷം യജമാനൻ താങ്കളെ ഭാരപ്പെടുത്തും. ഉണർന്നിരിപ്പിൻ അല്ലാത്ത പക്ഷം അവന്റെ മിന്നുന്ന വാളിന്റെ പ്രകാശരശ്മികൾ ആകാം ഒന്നാമതായിട്ട് താങ്കളെ ഉണർത്തുവാൻ പോകുന്നത്. ❖

ഉണർവ്വിനുവേണ്ടിയുള്ള ശാസന

By. Otto Stockmayer

എനിക്ക് താങ്കൾക്ക് വേണ്ടിയുള്ള ഒരു ശാസന (ആജ്ഞ) നല്കുവാൻ കഴിയും. അത് തീർച്ചയായിട്ടു ഉണർവ്വിനെ കൊണ്ടുവരും. അല്ലെങ്കിൽ സമൂഹത്തിലും അല്ലെങ്കിൽ ഏതു ഭൂമിയിലുള്ള സിറ്റികളിലും സംഭവിക്കാം.

ആർ. എ. റ്റോറിയുടെ ശാസനകളിൽ മൂന്നു അടിസ്ഥാനപരമായ ആവശ്യങ്ങൾ ഉള്ളതാണ്.

ഒന്നാമതായിട്ടു കുറച്ച് ദൈവമക്കൾ കർത്താവും ആയിട്ടു ഒരു ആഴത്തിലുള്ള ബന്ധത്തിൽ ആയി തീരുക. ഇങ്ങനെ ചെയ്തില്ലെങ്കിൽ ബാക്കിയുള്ളതൊന്നും ചെയ്കയില്ല.

രണ്ടാമതായിട്ടു അവർ ഒരുമിച്ച് ചേർന്ന് നില്ക്കട്ടെ പ്രാർത്ഥിക്കുവാൻ ഒരു ഉണർവ്വിനു വേണ്ടി ദൈവം സ്വർഗ്ഗത്തിന്റെ കിളിവാതിൽ തുറന്ന് താഴേക്കു വരുവോളം.

മൂന്നാമതായിട്ടു അവരെത്തന്നേ ദൈവത്തിനു പ്രയോജനപ്രദമാക്കുന്ന വിധത്തിലും അവൻ കാണുന്നതുപോലെയും ക്രിസ്തുവിലേയ്ക്കു മറ്റുള്ളവരെ നേടുന്നതിനായിട്ടു ക്രമീകരിക്കപ്പെടട്ടെ.

അതുതന്നേയാണ് എല്ലാം. ഞാൻ ഈ ശാസന (ആജ്ഞ) യെ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും നല്കിയിരിക്കുകയാണ്. അതുപോലെ തന്നേ യാതൊരു ഉദാഹരണങ്ങളാലും അതു പരാജയപ്പെടുകയില്ല. അതിനെ പരാജയപ്പെടുത്തുവാൻ കഴിയുകയുമില്ല.

ഒന്നാമത്തെ വ്യവസ്ഥ വീണ്ടും വായിക്കുക: ഒരു കൂട്ടം ക്രിസ്ത്യാനികൾ ദൈവവുമായിട്ടു ഒരു ശരിയായ ബന്ധം സ്ഥാപിക്കപ്പെടട്ടെ. അത് അങ്ങനെയാകട്ടെ. ഇതിൽ തന്നേ ആയിരിക്കുന്നു. നാം വളരെ വിമുഖത കാട്ടുന്നത്! ദൈവും ആയിട്ട് ശരിയായ ബന്ധത്തിൽ ആയി തീരുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത് പാപങ്ങളിൽ നിന്നുള്ള ക്ഷമ ലഭിച്ചു. നമ്മുടെ രക്ഷയെകുറിച്ചുള്ള ഒരു തീർച്ച മാത്രമല്ല നമുക്ക് ആവശ്യം ആയിരിക്കുന്നത്, എന്നാൽ ദൈവവും ആയിട്ടുള്ള ഒരു കൂട്ടായ്മ ഉണ്ടായിരിക്കുക അതായത് സുഹൃത്തക്കളെ പോലും അതുപോലെ വിശുദ്ധന്മാരെ പോലും. ഇത് അർത്ഥം ആക്കുന്നത് ഒരിക്കലും ഒരു പകയോടെ ആർ ക്ക് എതിരായിട്ട് പ്രവർത്തിക്കാതെ ഇരിക്കുകയും ഏഴ് എഴുപതു വട്ടം വരെ ക്ഷമിക്കുകയും ചെയ്യുക. ഇതിന്റെ അർത്ഥം എല്ലായ്പ്പോഴും സത്യം സംസാരിക്കുക; കോപത്തെ ഉപേക്ഷിക്കാതെ കോപവും അവജ്ഞയും കലർന്ന ധാർമ്മികരോഷം പൂണ്ടതു മറ്റുള്ളവരുടെ മുമ്പാകെ നീതിമാൻ എന്നുള്ള നടത്തവും, അല്ലെങ്കിൽ പിശാചിന് നമ്മുടെമേൽ ഏതെങ്കിലും നിലയിൽ ജയിക്കുവാനുള്ള അവസരം ഒരുക്കികൊടുക്കുകയും ചെയ്യുന്നു. നാം കോപിക്കുമ്പോൾ ഇതിന്റെ അർത്ഥം ഒരിക്കലും മറ്റുള്ളവരുടെ സ്വത്തുക്കൾ ഉപയോഗിക്കുന്നില്ല എന്നു അവരുടെ നല്ല പേരിനെ ആവർത്തിച്ചുള്ള നുണ പറച്ചിലിൽ കൂടി മോഷ്ടിക്കപ്പെട്ടില്ലെന്നു ഇതിന്റെ അർത്ഥം. നമ്മുടെ സംസാരിക്കുവാനുള്ള ശക്തി അത് ആത്മീകമായ അഭിവൃദ്ധിയ്ക്കായിട്ട് ഉപയോഗിക്കും. അല്ലാതെ അഴിമതികൾക്കായിട്ടല്ല. ഇത് അർത്ഥം ആക്കുന്നത് നമ്മുടെ ഉള്ളിൽ അധിവസിക്കുവാൻ ദൈവം നല്കിയിരിക്കുന്ന പരിശുദ്ധാത്മാവിനെ യാതൊരു തരത്തിലുമുള്ള കൈപ്പുകളാലും, കോപത്താലും, ക്രോധത്താലും തിന്മ സംസാരത്താലും, ഉച്ചത്തിൽ പരാതിപ്പെടുന്നതിനാലും അല്ലെങ്കിൽ ഉൾപ്പകയാലും ദു:ഖിപ്പിക്കുകയില്ലാ എന്നാണ്. ഇത് അർത്ഥം ആയിതീരുന്നത്. മറ്റുള്ളവരോട് ദയാപൂർവ്വം ഇടപെടുക, സഹകരണമനോഭാവമുള്ള ഹൃദയം ഉണ്ടായിരിക്കുക, ക്ഷമിക്കുകയും വീണ്ടും ക്ഷമിക്കുകയും വീണ്ടും വീണ്ടും ക്ഷമിക്കുക എന്നും " ക്രിസ്തുവിനുവേണ്ടി ദൈവം നമ്മോടു ക്ഷമിച്ചതുപോലെ " (എഫെ. 4:25-32).

ദൈവവും ആയിട്ടുള്ള ഒരു ശരിയായ ബന്ധം സ്ഥാപിക്കുക എന്നതുകൊണ്ട് പരുക്കനല്ലാത്ത വിധത്തിൽ നാം സ്വയം പരിശോധിക്കുകയും സത്യ സന്ധതയോടുകൂടി പാപം പരിഹാരത്തിനായിട്ടുള്ള പശ്ചാത്താപം കഴിക്കുക. അത് ദൈവത്തോടും അതുപോലെ തന്നെ ആർക്കെതിരെയാണ് പാപം പ്രവർത്തിച്ചത് അവരോടും. " പ്രീയമുള്ളവരേ ഹൃദയം നമ്മെ കുറ്റം വിധിക്കുന്നില്ലെങ്കിൽ നമുക്കു ദൈവത്തോടു പ്രാഗത്ഭ്യം ഉണ്ടു. അവനു പ്രസാദമുള്ളതു ചെയ്യുന്നതുകൊണ്ടു എന്തു യാചിച്ചാലും അവങ്കൽ നിന്നു ലഭിക്കും " (1 യോഹ. 3:21,22). ❖

ഇത് എന്തു സമയമാകുന്നു

By Lois.J. Stucky (1928 - 2014)

അപ്പോസ്തലനായ പൗലൊസിനു വളരെ വ്യക്തമായ വിവേചനത്തോടുള്ള അറിവു ലഭിച്ചിരുന്നു. അദ്ദേഹത്തിന്റെ നല്ല അടുപ്പത്തോടുള്ള കർത്താവായ യേശുവിനോട് ചേർന്നുള്ള നടപ്പിൽ കൂടി തന്റെ സമയം വന്നിരിക്കുകയാണെന്ന്. അതുകൊണ്ട് ജീവനുള്ളവനും ഉണർന്നിരിക്കുന്ന കർത്താവിന്റെ വഴികളിൽ അവൻ കണ്ടത് ധാരാളം ക്രിസ്ത്യാനികളായവർ ഉറങ്ങിപോയിരിക്കുകയാണ്. അവർ വളരെ അത്യുത്സാഹത്തോടും നല്ല ജീവിതവും ആയിട്ട് പ്രദർശിപ്പിക്കേണ്ടതുമായിട്ട് താരതമ്യം ചെയ്യുമ്പോൾ അവൻ ഈ വചനങ്ങളാൽ നമ്മെ ഇളക്കിയിരിക്കുകയാണ്. ഇതു ചെയ്യേണ്ടതു “ഉറക്കത്തിൽ നിന്നു ഉണരുവാൻ നാഴിക വന്നിരിക്കുന്നു എന്നിങ്ങനെ നിങ്ങൾ സമയത്തെ അറികയാൽ തന്നേ; നാം വിശ്വസിച്ച സമയത്തെക്കാൾ രക്ഷ ഇപ്പോൾ നമുക്കു അധികം അടുത്തിരിക്കുന്നു ” (റോമ. 13:11). അവൻ പ്രബോധിപ്പിക്കുന്നത് വിശ്വാസികളായവർ തങ്ങളെത്തന്നെ ജീവനുള്ള യാഗമായിട്ടു ദൈവത്തെ പ്രസാദിപ്പിക്കുവാൻ എന്താണ്, വിശുദ്ധിയും അലൗകികമായ വഴികളും ദൈവഹിതത്തിനോടും വചനത്തോടും അനുരൂപപ്പെട്ടതുമായിരിക്കണം. “ നീതിക്കു നിർമ്മദരായി ഉണരുവിൻ; പാപം ചെയ്യാതിരിപ്പിൻ; ചിലർക്ക് ദൈവത്തെ കുറിച്ചു പരിജ്ഞാനമില്ല; ഞാൻ നിങ്ങൾക്കു ലജ്ജെക്കായി പറയുന്നു ” (1കൊരി. 15:34). അവൻ എഫെസ്യയിലുള്ളവരെ ഇ വിടെ കൂട്ടികലർത്തിയാണ് എഴുതിയിരിക്കുന്നത്. “അതുകൊണ്ട് ഉറങ്ങുന്നവനേ, ഉണർന്നു മരിച്ചവരുടെ ഇടയിൽ നിന്നു എഴുന്നേൽക്കുക. എന്നാൽ ക്രിസ്തു നിന്റെമേൽ പ്രകാശിക്കും എന്നു ചൊല്ലുന്നു. ആകയാൽ സൂക്ഷ്മത്തോടും അജ്ഞാനികളായിട്ടല്ല ജ്ഞാനികളായിട്ടത്രേ നടപ്പാൻ നോക്കുവിൻ. ഇതു ദുഷ്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചു കൊൾവിൻ ” (എഫെ. 5:14-16).

അപ്പോസ്തലനായ പൗലൊസ് തന്റെ നാളുകളിൽ ഈ വസ്തുതകളെ വലിയ ഗൗരവമേറിയ കാഴ്ചയായിട്ടു അവൻ കണ്ടിരിക്കുമ്പോൾ, എത്ര അധികം ശക്തിയോടെ അവൻ നമ്മോട് പറയുന്നു ഇന്ന് അവൻ ഇത് എഴുതിയിരുന്നെങ്കിൽ, അവന്റെ തലമുറയിലേതിനെക്കാൾ എത്ര അധികം ഇന്ന് നാം കർത്താവിന്റെ വരവിനോട് അടുത്തിരിക്കുകയാണെന്നുള്ള ആ കാഴ്ചപ്പാടിൽ? അവൻ എഴുതുകയാണ്. “ നാം ഭാഗ്യകരമായ പ്രത്യാശയ്ക്കായിട്ടു മഹാദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യക്ഷതക്കായിട്ടും കാത്തുകൊണ്ടു ഭക്തികേടും പ്രപഞ്ചമോഹങ്ങളും വർജ്ജിച്ചിട്ടു ഈ ലോകത്തിൽ സുബോധത്തോടും നീതിയോടും ദൈവഭക്തിയോടുകൂടെ ജീവിച്ചുപോരേണ്ടതിനു അതു നമ്മെ ശിക്ഷിച്ചു വളർത്തുന്നു. അവൻ നമ്മെ സകല അധർമ്മത്തിൽ നിന്നും വീണ്ടെടുത്തു സൽപ്രവൃത്തികളിൽ ശുഷ്കാന്തിയുള്ളോരു സ്വന്തജനമായി തനിക്കു ശുദ്ധീകരിക്കേണ്ടതിനു തന്നെത്താൻ നമുക്കവേണ്ടി കൊടുത്തു ” (തീത്തോ. 2:12-14).

അപ്പോസ്തലനായ പൗലൊസ് തിമോഥെയോസിനോടു പറയുമ്പോൾ നല്കുന്ന വിശദീകരണത്തിൽ പറയുന്നത് “ അന്ത്യകാലത്തു ദുർഘടസമയങ്ങൾ വരുന്നതിനാൽ നാം തന്നേ വളരെ ജാഗ്രതയോട് കാത്തുകൊള്ളേണ്ടിയിരിക്കുന്നു എന്നാണ് ” (2തിമൊ. 3:19). നാം എത്ര അധികം വഷളായി തീർന്നേക്കാം മുന്നോട്ടുള്ള കാലഘട്ടങ്ങളിൽ എന്നാൽ ഇപ്പോഴും നമ്മുടെ ചുറ്റുപാടു അതൊക്കെയും നാം കണ്ടുകൊണ്ടിരിക്കുകയാണ്. അതുപോലെ ഇത് വളരെ അത്യന്താപേക്ഷിതമായ വസ്തുതയുമാണ്. ഏതെങ്കിലും തരത്തിൽ നാം ഓടിമാറിപോകേണ്ടിയിരിക്കുന്നു. നമ്മുടെ ജീവിതങ്ങളിലെ പെരുമാറ്റങ്ങളെ വളരെ അപകടത്തിലാക്കിയേക്കാവുന്ന സകല സാഹചര്യങ്ങൾ നിന്നും.

ഒരു ഉയർന്നതും വിശുദ്ധവുമായ വിളി

സുഹൃത്തുക്കളെ, നമുക്ക് ദൈവം ഈ മണിക്കൂറുകൾ. വളരെ പ്രധാനപ്പെട്ടതാണെന്ന് മറ്റുള്ളവർക്കും മനസ്സിലാക്കുവാൻ സഹായകരമായി നമ്മുടെ അവസരങ്ങളെ ഒന്നു ഉണർത്താം! നിങ്ങൾ ഓരോരുത്തരോടും അതുപോലെ എല്ലാവരോടും നന്ദിയെ പ്രകാശിപ്പിക്കുകയാണ് ഞങ്ങൾ, നിങ്ങളുടെ പ്രാർത്ഥനകളും, ദൈവവചനങ്ങളും, സഹായങ്ങളാലും ആഗമനദൂതനോടു സഹകരിക്കുന്ന എല്ലാവരോടും, അടുത്തു ദൂരെ ആയിരിക്കുന്നവരോടും പ്രതിധ്വനിക്കുന്ന വീണ്ടും പ്രതിനധ്വനിക്കുന്ന ക്രിസ്തുവിന്റെ വചനങ്ങളാൽ നിങ്ങളും ഒരുങ്ങിയിരിപ്പിൻ ” (മത്താ. 24:44). നമുക്ക് ദൈവത്തോടു യാചിക്കാം അവിടുത്തെ വചനം ഒരു ഉണർവ്വ് ആയിട്ടു മാറുവാനും, ജീവിതം രൂപാന്തരപ്പെടുത്തുന്ന വചനങ്ങളുമായിട്ട് അനേകർക്കു മാറുവാൻ വേണ്ടി നന്ദി.

നമ്മുടെ കർത്താവിന്റെ നാമത്തിനായിട്ടും, ദൈവം നമ്മെ ഓരോരുത്തരേയും സഹായിക്കുമാറാകട്ടെ. അവിടുത്തെ വചനത്തെ ഹൃദയങ്ങളിൽ കരുതുവാനും അതുപോലെ ഉയർത്തുന്നതു വിശുദ്ധവുമായ വിളിക്കു അനുസൃതമായിട്ട് ജീവിക്കുവാനും അവിടുന്ന് ഔദാര്യമായിട്ടു നമുക്കു നല്കപ്പെട്ടിരിക്കുന്നതുമായ ഈ പരമപ്രധാനമായ സമയത്തിലാണ് നാം ജീവിക്കുന്നത്.

❖